**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂൺ 29, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

**പകർച്ചപ്പനി**

മി. സ്പീക്കർ: സംസ്ഥാനത്തൊട്ടാകെ പകർച്ചപ്പനി ബാധിച്ചതിനെത്തുടർന്ന് രണ്ടുലക്ഷത്തിലധികം പേർ വിവിധ ഗവൺമെന്റ് ആശുപത്രികളെ അഭയം പ്രാപിച്ചതായും 144 പേർ മരിച്ചതായും അഞ്ഞൂറോളം ആളുകൾക്ക് 'എച്ച് 1 എൻ 1' ബാധിച്ചതായും റിപ്പോർട്ടു ചെയ്യപ്പെടുകയും സംസ്ഥാനത്തെ ആരോഗ്യരംഗം പ്രതിസന്ധി നേരിടുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ്

കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സംസ്ഥാനത്ത് ആശങ്കാജനകമായ സ്ഥിതിവിശേഷം നിലവിലില്ലെന്നു മാത്രമല്ല മരണനിരക്ക് ഉയരുന്ന തരത്തിലുള്ള അസാധാരണമായ രോഗാവസ്ഥയുമില്ല. മഴക്കാലത്ത് സാധാരണ ഉണ്ടാകുന്നതുപോലുള്ള പകർച്ചപ്പനിയാണ് ഈ വർഷവും ഉണ്ടായിട്ടുള്ളത്. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പനി ബാധിതരുടെ എണ്ണം കുറവാണ്. പകർച്ചവ്യാധി തടയുന്നതിനായി സർക്കാർ എല്ലാ മുൻകരുതൽ നടപടികളും സ്വീകരിക്കുന്നതാണ്. 2010 മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുസെക്രട്ടറിമാരുടെ യോഗം വിളിച്ചുകൂട്ടി ശിൽപ്പശാല നടത്തി ഇത് നേരിടുന്നതിനുള്ള സ്ട്രാറ്റജി തയ്യാറാക്കി. ഡെങ്കി, ചിക്കുൻ ഗുനിയ, മലേറിയ എന്നീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഫോർ പ്ലസ് തന്ത്രം ആവിഷ്ക്കരിച്ചു. മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് ആശ, കുടുംബശ്രീ വാളന്റിയർമാരെ നിയോഗിക്കുകയും 9.18 കോടി രൂപ വാർഡുകൾക്കും ആശുപത്രികൾക്കും അനുവദിക്കുകയുമുണ്ടായി. എല്ലാ ദിവസവും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കി. പകർച്ചവ്യാധികൾ മുൻകൂട്ടികണ്ടുകൊണ്ട് 108 ഇനം മരുന്നുകളുടെ ലഭ്യത കേരള മെഡിക്കൽ കോർപ്പറേഷനിൽ ഉറപ്പുവരുത്തുകയുണ്ടായി.

ആശുപത്രികളിൽ എത്തുന്ന എല്ലാ രോഗികൾക്കും ആവശ്യമായ ചികിൽസ ഉറപ്പുവരുത്തുന്നതിന് 4147 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ചുണ്ടായിരുന്ന പരാതികൾ പരിഹരിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ സമരം ഇപ്പോൾ നിലവിലില്ല. 'എച്ച് 1 എൻ 1' പകർച്ചപ്പനി തടയുന്നതിന് മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുകയും അവരുടെ ശുപാർശകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കാൻ ആശുപത്രികൾ സുസജ്ജമാണ്. കാൻസർ രോഗത്തിന് വിദഗ്ദ്ധ ചികിൽസാ സംവിധാനം ഒരുക്കുന്നതിനും തിരുവനന്തപുരത്തെ ഡയബെറ്റിക്സ് സെന്ററിന് ആവശ്യമായ സഹായം ലഭ്യമാക്കാനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ വാദഗതികൾ സത്യത്തിന് നിരക്കുന്നതല്ല. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുണ്ടായ പനി മരണങ്ങളെക്കുറിച്ച് ഗൗരവതരമായാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. സൗജന്യ വിതരണത്തിനായുള്ള രണ്ട് കോടി രൂപയുടെ മരുന്നുകൾ മാസങ്ങളായി കെട്ടിക്കിടക്കുന്നു. ഒരു മാസത്തിനുള്ളിൽ രണ്ട് ലക്ഷത്തിലധികം ആളുകളാണ് പനി ബാധിച്ച് സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്കായി എത്തിയത്. നിരവധിപ്പേർ മരണപ്പെടുകയും ചെയ്തു. സംസ്ഥാനത്ത് നൂറു കണക്കിനാളുകൾക്ക് എച്ച്.1 എൻ 1 പനിയും മറ്റ് പകർച്ചപ്പനികളും സ്ഥിരീകരിക്കപ്പെടുമ്പോഴും

അതിനെതിരെ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പനി പടരുമ്പോൾ അത് ഡയഗ്നൈസ് ചെയ്യാനോ മരുന്ന് വിതരണം ചെയ്യാനോ യാതൊരു സംവിധാനവും ഇല്ല. ഈ സാഹചര്യത്തിലും സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥലം മാറ്റിയ ഡോക്ടർമാരിൽ പലരും ഡ്യൂട്ടിക്ക് ജോയിൻ ചെയ്യാതെ ലീവിൽ പോവുകയും ചെയ്തു. ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്റ്റേറ്റ് ഡിസാസ്റ്റർ കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നില്ല. പരിസര ശുചീകരണത്തിന് നിയോഗിച്ച ഹൗസ് കീപ്പിംഗ് കമ്മിറ്റിയിലെ അംഗങ്ങളെ മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റി. പ്രീ-മൺസൂൺ ഒരുക്കങ്ങളൊന്നും നടത്തിയിട്ടില്ല. സംസ്ഥാനത്ത് ലക്ഷക്കണക്കിനാളുകൾക്ക് പനി പടരുകയും നൂറു കണക്കിനാളുകൾ മരണപ്പെടുകയും ചെയ്യുമ്പോൾ അത് നേരിടാൻ ആരോഗ്യ വകുപ്പ് യാതൊരുവിധ നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എളമരം കരീം</u> : ഔദ്യോഗിക കണക്കനുസരിച്ച് സംസ്ഥാനത്ത് പകർച്ചവ്യാധികൾമൂലം 37 പേരാണ് മരിച്ചത്. പകർച്ചവ്യാധി തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾക്കായി മന്ത്രിമാർ വിദേശയാത്ര നടത്തുന്നത് പുതിയ കാര്യമല്ല. സംസ്ഥാനത്ത് പനി പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല. സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടിലെ വസ്തുതാപരമായ കാര്യങ്ങൾ കാണാതെ ഭയപ്പാടുണ്ടാക്കുന്ന തരത്തിൽ സംസ്ഥാന താൽപ്പര്യങ്ങൾക്കെതിരായ പ്രചരണം നടത്തുന്നത്

ശരിയല്ല. അന്യസംസ്ഥാനങ്ങളിൽനിന്നും രോഗവാഹകരായി സംസ്ഥാനത്ത് ജോലിക്ക് എത്തുന്ന തൊഴിലാളികൾക്ക് ആവശ്യമായ ചികിൽസ നൽകിവരുന്നുണ്ട്. ഡോ. പൈ ചെയർമാനായ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്പെഷ്യൽ കേഡർ നടപ്പിലാക്കിയത്. താലൂക്ക് തലത്തിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകവഴി 300 കോടി രൂപയുടെ അധികബാദ്ധ്യതയാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തത്. പനിയുടെ കാര്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ കക്ഷിനേതാക്കൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>പെട്രോൾ-ഡീസൽ-മണ്ണെണ്ണ-പാചകവാതക വില വർദ്ധനവ്</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവ് രാജ്യത്തെ ജനങ്ങളെയാകെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കാനാണ് വിലവർദ്ധനവ് ഏർപ്പെടുത്തിയതെന്ന കേന്ദ്ര സർക്കാർ വാദം വസ്തുതാ വിരുദ്ധമാണ്. എണ്ണക്കമ്പനികളുടെ മേലുള്ള സർക്കാരിന്റെ

നിയന്ത്രണം എടുത്തുകളഞ്ഞ്, എണ്ണ മുതലാളിമാർക്ക് ഇഷ്ടം പോലെ വില വർദ്ധിപ്പിക്കാൻ അനുമതി നൽകുന്ന പരീഖ് കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കരുതെന്ന് പാർലമെന്റിലെ പെട്രോളിയം പ്രകൃതിവാതക സ്റ്റാൻഡിംഗ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത് അവഗണിച്ചുകൊണ്ടാണ് വിലവർദ്ധനവ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ വില വർദ്ധനവിന് യാതൊരു ന്യായീകരണവും ഇല്ല. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അന്തർദേശീയ മാർക്കറ്റിൽ എണ്ണവില കുറയുകയാണ് ചെയ്തിട്ടുള്ളതെന്ന് ഓഹരി കമ്പോളം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എണ്ണക്കമ്പനികളുടെ ഓഹരി വില 4 ശതമാനം ഉയരുകയും മറ്റ് കമ്പനികളുടേത് ഒന്നര ശതമാനം ഇടിയുകയുമാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞവർഷം എണ്ണ മേഖലയിൽനിന്ന് ലഭിച്ച നികുതിയിൽ സബ്സിഡി ഇനത്തിൽ നൽകിവരുന്ന തുക വളരെ കുറവാണ്. കേന്ദ്ര എക്സൈസ് ഡ്യൂട്ടിയുടെ 40 ശതമാനം വാതക മേഖലയിൽനിന്നും 60 ശതമാനം ഇതര മേഖലകളിൽ നിന്നുമാണ് ലഭിക്കുന്നത്. ഒരു ലിറ്റർ എണ്ണയുടെ വാങ്ങൽ വില 22.24 പൈസയും അതിന്റെ സംസ്ക്കരണ ചെലവ് 52 പൈസയും മാത്രമാണ്. പക്ഷേ ഇത് വിൽക്കുന്നത് 55 രൂപയ്ക്കാണ്. ഇതിലൂടെ കൊള്ളലാഭം എടുക്കുകയാണ് യു.പി.എ ഗവൺമെന്റ് ചെയ്യുന്നത്. എണ്ണവില നിയന്ത്രിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ അവകാശം എടുത്തുകളഞ്ഞ് എണ്ണ കമ്പനികൾക്ക് സ്വന്തമായി വില വർദ്ധിപ്പിക്കാനുള്ള അവസരം നൽകിയിരിക്കുന്നതിലൂടെ എണ്ണ മുതലാളിമാർക്ക് ഇഷ്ടാനുസരണം വില വർദ്ധിപ്പിക്കാനുള്ള സൗകര്യം നൽകുകയാണ് ചെയ്യുന്നത്. പെട്രോൾ, ഡീസൽ വില വർദ്ധനയ്ക്കെതിരെ ജൂലൈ മാസം

ആദ്യവാരം രാജ്യവ്യാപകമായി പ്രതിക്ഷേധിക്കാൻ വിവിധ സംഘടനകൾ തയ്യാറെടുക്കുകയാണ്. സ്വകാര്യ മേഖലയിൽ പമ്പുകൾ അനുവദിക്കുന്നത് തടയാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പെട്രോളിന്റെ വില മുമ്പുണ്ടായിരുന്നതിന്റെ നാലിൽ ഒന്നും ഡീസലിന്റെ വില മൂന്നിൽ ഒന്നും വർദ്ധിപ്പിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വിദേശത്ത് ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചു എന്നതാണ് ഇതിന് കാരണം പറയുന്നത്. എന്നാൽ അന്തർദേശീയ വിലയിൽ മാറ്റം വന്നിട്ടില്ല. എണ്ണ വില വർദ്ധനവ് ജനറലൈസ്ഡ് ഇൻഫ്ളേഷൻ രൂക്ഷമാക്കുകയും ഇത് പൊതുമേഖലാ എണ്ണക്കമ്പനികളെ സാരമായി ബാധിക്കുകയും ചെയ്യും. എണ്ണ ഖനനം ചെയ്യുന്നവർ, എണ്ണ ഖനനം ചെയ്യുകയും വിൽക്കുകയും ചെയ്യുന്നവർ, എണ്ണ വിൽപ്പന നടത്തുന്നവർ എന്നീ വിഭാഗങ്ങളാണ് ഈ രംഗത്തുള്ളത്. എണ്ണ ഖനനം ചെയ്യുന്ന പൊതുമേഖലാ കമ്പനികൾ എല്ലാ വർഷവും 25 ശതമാനം മുതൽ 40 ശതമാനം വരെ ലാഭമുണ്ടാക്കുന്നുണ്ട്. എന്നാൽ കുറഞ്ഞ ലാഭം മാത്രമുള്ളതുകൊണ്ട് കുത്തക കമ്പനികൾക്ക് വിപണന രംഗത്ത് സബ്സിഡി ലഭിക്കുന്ന പൊതുമേഖലാ കമ്പനികളുമായി മത്സരിക്കാൻ സാധിക്കുന്നില്ല. പൊതുമേഖലാ എണ്ണക്കമ്പനികളുടെ സബ്സിഡി നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ഈ കുത്തകക്കമ്പനിക്കാർ റെഗുലേറ്ററി ബോർഡിന് മുമ്പാകെ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. എണ്ണ വിപണന രംഗത്ത് കുത്തക കമ്പനികളുടെ കടന്നുവരവ് പൊതുമേഖലാ എണ്ണക്കമ്പനികളുടെ ഇന്നത്തെ ആധിപത്യത്തെ ഇല്ലാതാക്കുകയും ഈ മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുകയും

ചെയ്യും. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുമ്പോൾ സംസ്ഥാന സർക്കാരിന് കിട്ടുന്ന അധിക വരുമാനത്തേക്കാൾ കൂടുതൽ ചെലവ് വരികയാണ്. ഇതിന് നഷ്ടപരിഹാരം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകേണ്ടതുണ്ട്. ബഡ്ജറ്റിൽ നിർദ്ദേശിച്ച നികുതി വർദ്ധനവ് പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. പെട്രോളിന്റെ വിലവർദ്ധനയ്ക്കെതിരെ കേരളത്തിൽ തുടങ്ങിയ പ്രതിഷേധം ഇപ്പോൾ ദേശവ്യാപകമായി മാറിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനാ വ്യവസ്ഥയ്ക്ക കത്തുനിന്നുകൊണ്ട് സ്വകാര്യ പെട്രോൾ പമ്പുകൾ തുടങ്ങുന്നത് സംസ്ഥാന ത്തിന് നിരോധിക്കാൻ കഴിയില്ലെങ്കിലും സംസ്ഥാനത്തെ പൊതുമേഖലയുടെ കീഴിലുള്ള പമ്പുകളെ സംരക്ഷിക്കേണ്ടതായുണ്ട്. ഉപഭോക്താവിന് മാത്രമേ ഇത്തരത്തിലുള്ള കുത്തകകളെ തുരത്താനും സ്വകാര്യ മേഖലയുടെ കടന്നുകയറ്റം അവസാനിപ്പിക്കാനും സാധിക്കുകയുള്ളൂ.

(2) <u>വേലുത്തമ്പി ദളവയുടെ ഉടവാൾ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : 1765-ൽ തലക്കുളത്ത് ജനിച്ച ധീരദേശാഭിമാനി വേലുത്തമ്പി ദളവയെ കാർത്തിക തിരുനാൾ മഹാരാജാവ് കാര്യക്കാരനായും വാണിജ്യ വ്യവസായത്തിന്റെ ഉത്തരവാദിയായും നിയമി ക്കുകയും തുടർന്ന് 1801-ൽ ദിവാനായി അവരോധിക്കുകയും ചെയ്തു. തിരുവിതാംകൂർ ഭരണത്തിൽ അനാവശ്യമായി ഇടപെടുകയും അന്യായമായ നികുതി പിരിവ് ഏർപ്പെടുത്തുകയും ചെയ്തപ്പോൾ അതിനെ എതിർത്ത് പാലിയത്തച്ചനുമായി ചേർന്ന് കൊച്ചിയിലെ റെസിഡന്റ് മെക്കാളെ പ്രഭുവിന്റെ വസതി ആക്രമിക്കുകയും കൊല്ലത്തും പുറക്കാട്ടും പോരാട്ടം നടത്തുകയും ചെയ്തതിനാൽ 1808-ൽ ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ ദളവാ പദം നീക്കം

ചെയ്യാൻ മഹാരാജാവിനെ നിർബന്ധിക്കുകയുണ്ടായി. ഒടുങ്ങാത്ത സമരവീര്യവുമായി ബ്രിട്ടീഷുകാരോട് പോരാടിയ വേലുത്തമ്പി ദളവ അംഗീകാരമായി കിട്ടിയ ഉടവാളും ഔദ്യോഗിക വേഷവും തിരിച്ചേൽപ്പിക്കുകയും മണ്ണടിയിൽ വച്ച് ബ്രിട്ടീഷ് പട്ടാളം വളഞ്ഞപ്പോൾ സ്വയം കഴുത്തറുത്ത് ജീവാർപ്പണം നടത്തുകയുമാണുണ്ടായത്. കിളിമാനൂർ കൊട്ടാരത്തിന് കൈമാറിയ ഉടവാൾ പിന്നീട് ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്ര പതിക്ക് അന്നത്തെ മുഖ്യമന്ത്രി കൈമാറുകയും ഡൽഹിയിലെ നാഷണൽ മ്യൂസിയത്തിൽ സൂക്ഷിക്കുകയുമുണ്ടായി. ഇപ്പോൾ പ്രധാനമന്ത്രിയിൽനിന്നും പുരാവസ്തു വകുപ്പ് ഏറ്റുവാങ്ങി നേപ്പിയർ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഉടവാൾ കുണ്ടറയിലും ധീരദേശാഭിമാനി ആത്മത്യാഗം ചെയ്ത മണ്ണടിയിലും ആവശ്യമായ സുരക്ഷയോടുകൂടി പ്രദർശിപ്പിക്കാൻ അടിയന്തിര നടപടിയെടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): രാഷ്ട്രപതി ഭവനുമായും കേന്ദ്ര സാംസ്ക്കാരികവകുപ്പുമായും നിരന്തരമായി ബന്ധപ്പെട്ടതിന്റെ ഫലമായിട്ടാണ് വേലുത്തമ്പി ദളവയുടെ ഉടവാൾ കേരളത്തിന് ലഭിച്ചത്. ഡൽഹി നാഷണൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വാൾ വിവിധ മേഖലകളിലുള്ള വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ നാഷണൽ മ്യൂസിയം ഡയറക്ടർ ജനറലും കേരളത്തിലെ പുരാവസ്തു ഡയറക്ടറും ഒപ്പുവച്ച ധാരണാ പത്രം അനുസരിച്ച് ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിലാണ് ഏറ്റെടുത്ത് തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ വാൾ പൊതുജനങ്ങൾക്ക് കാണുന്നതിനും വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ച് മടക്കിക്കൊണ്ടുവരുന്നതുസംബന്ധിച്ചും ഒരു തീരുമാനമുണ്ടാകുന്നതിനു

വേണ്ടി സംസ്ഥാന പുരാവസ്തു ഡയറക്ടർ നാഷണൽ മ്യൂസിയം ഡയറക്ടർ ജനറലിന് കത്തയച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായംകൂടി പരിഗണിച്ചശേഷം വേലുത്തമ്പി ദളവയുടെ വാൾ മണ്ണടി സ്മാരകത്തിലടക്കം കൊണ്ടുപോയി പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിലുള്ള സൗകര്യമുണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>തളിപ്പറമ്പ് അഗ്നിശമന രക്ഷാനിലയം</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u>: തളിപ്പറമ്പ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ഓഫീസ് പഴശ്ശി പദ്ധതിയുടെ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പഴശ്ശി പ്രോജക്ടിന്റെ സ്ഥലവും കെട്ടിടവും വിട്ടുകിട്ടുന്ന മുറയ്ക്ക് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന തളിപ്പറമ്പ് അഗ്നിശമന രക്ഷാ നിലയം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതായിരിക്കും.

(2) <u>ബാർ ഹോട്ടൽ അടച്ചു പൂട്ടാൻ നടപടി</u>

<u>ശ്രീ. കെ.ടി. ജലീൽ</u>: കുറ്റിപ്പുറം പുത്തനത്താണിയിൽ പുതുതായി ആരംഭിച്ച ബാർ ഹോട്ടലിന്റെ ലൈസൻസ് റദ്ദാക്കി അടച്ചുപൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ)</u> : കുറ്റിപ്പുറം റെയ്ഞ്ചിലെ ഹോട്ടൽ സൗപർണ്ണികയ്ക്ക് 16-01-2010-ന്

അനുവദിച്ച ലൈസൻസ് 2010–2011 വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. അബ്കാരി ആക്ടിലേയും ബന്ധപ്പെട്ട നിയമങ്ങളിലേയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുവെന്ന് ഉറപ്പു നൽകിയശേഷമാണ് ലൈസൻസ് നൽകിയത്. ലൈസൻസ് വ്യവസ്ഥയിൽ ഏതെങ്കിലും വിധത്തിലുള്ള ലംഘനമുണ്ടെന്ന് കണ്ടാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(3) സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. കെ.സി. ജോസഫ് : കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജകമണ്ഡലത്തിലും പേരാവൂർ നിയോജകമണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യൂതീകരണം നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : നിയമസഭാ മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യൂതീകരണവുമായി ബന്ധപ്പെട്ട് ആകെ എസ്റ്റിമേറ്റിന്റെ പകുതി അല്ലെങ്കിൽ പരമാവധി ഒരു കോടി രൂപവരെയാണ് വൈദ്യുതി ബോർഡ് ഫണ്ടിൽ നിന്ന് ചെലവാക്കാൻ തീരുമാനിച്ചത്. ഇരിക്കൂർ മണ്ഡലത്തിന്റെ പൂർണ്ണ വൈദ്യുതീകരണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് 18 കോടി 58 ലക്ഷം രൂപയാണ്. ഇതിൽ ഒരു കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് എന്നിവയിൽ നിന്ന് കണ്ടെത്താമെന്നാണ് തീരുമാനമായത്. ഒരു കോടി രൂപ കെ.എസ്.ഇ.ബി-യുടെ ഫണ്ടിൽനിന്നുണ്ടായാലും 16 കോടി 58 ലക്ഷം രൂപ ഇനിയും കണ്ടെത്തേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച ഫണ്ടിന്റെ പകുതി തുക

ഇരിക്കൂർ മണ്ഡലത്തിലാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. മറ്റ് മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽ ബാക്കി വരുന്ന തുകകൂടി കണ്ണൂർ ജില്ലയുടെ വൈദ്യുതീകരണത്തിന് ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) <u>റേഷൻകാർഡുകൾ പുതുക്കി കിട്ടുന്നതിലെ കാലതാമസം</u>

(ശ്രീ. ജോർജ്ജ് മേഴ്സിയറും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എം. ചന്ദ്രൻ</u> : കൂടുതൽ കമ്പ്യൂട്ടറുകളും ലാമിനേറ്റഡ് മെഷീനുകളും അധിക സ്റ്റാഫും അനുവദിച്ചുകൊണ്ട് പതിനായിരക്കണക്കിന് വരുന്ന അപേക്ഷകർക്ക് കാലവിളംബം കൂടാതെ പുതുക്കിയ ലാമിനേറ്റഡ് റേഷൻ കാർഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u> : സംസ്ഥാനത്ത് 68 ലക്ഷം പേർക്ക് ഫോട്ടോ പതിച്ച ലാമിനേറ്റഡ് റേഷൻ കാർഡ് വിതരണം ചെയ്തുകഴിഞ്ഞു. ഏഴര ലക്ഷം അപേക്ഷകളിൽക്കൂടി തീർപ്പ് കല്പിക്കാനുണ്ട്. ഫോട്ടോ എടുക്കുന്നതിനും ലാമിനേറ്റ് ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ സി-ഡിറ്റ്-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. സി-ഡിറ്റിൽ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിനും ആവശ്യാനുസരണം കമ്പ്യൂട്ടർ, പ്രിന്റർ, ലാമിനേറ്റഡ് മെഷീൻ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫോട്ടോ എടുക്കൽ നടപടികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാക്കി റേഷൻ കാർഡ് വിതരണം ത്വരിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) <u>വൈദ്യുതി ലൈനുകൾക്കുപകരം ഭൂഗർഭ ലൈനുകൾ</u>

<u>ശ്രീ. എം. മുരളി</u> : ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തോടനുബന്ധിച്ച് കെട്ടുകാഴ്ചകൾ ക്ഷേത്രത്തിലേയ്ക്ക്

കൊണ്ടുവരുന്നതിന്റെ ഭാഗമായി വൈദ്യുതി ലൈനുകൾ വിച്ഛേദിക്കുകയും ഉത്സവം കഴിഞ്ഞതിനുശേഷം പുന:സ്ഥാപിക്കുകയും ചെയ്യുന്നതുമൂലം തദ്ദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഭൂഗർഭ ലൈനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തോടനുബന്ധിച്ച് കെട്ടുകാഴ്ചകൾ ക്ഷേത്രത്തിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി പ്രധാന വീഥികളിലെ 11 കെ.വി.ലൈൻ, എൽ.ടി. ലൈൻ, സർവ്വീസ് ലൈനുകൾ എന്നിവ അഴിച്ചുമാറ്റി ഉത്സവത്തിനു ശേഷം പുന:സ്ഥാപിക്കേണ്ടിവരുന്നതുമൂലം തട്ടാരമ്പലം, മാവേലിക്കര സെക്ഷനുകളിൽപ്പെട്ട ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. റോഡിനുകുറുകെയുള്ള എല്ലാ ലൈനുകളും യു.ജി. കേബിൾ ആക്കുകയും അതിനനുസരിച്ച് വിതരണ ശൃംഖല പുന:ക്രമീകരിക്കുകയും ചെയ്യുകയാണ് ഈ പ്രശ്നത്തിനുള്ള പരിഹാരം. ഒന്നര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രവൃത്തി ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. യുനെസ്കോ ലോക പാരമ്പര്യങ്ങളുടെ ഭാഗമായി അംഗീകരിച്ച ഉത്സവം എന്ന നിലയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ എ.പി.ഡി.ആർ.പി. സ്കീമിലൂടെയും ഈ പ്രവൃത്തിക്ക് ധനസഹായം ലഭ്യമാക്കാൻ സാധ്യതയുണ്ട്. ഈ സാധ്യതകളെ സംബന്ധിച്ച് ആലോചിക്കുന്നതിന് ഉന്നതതല യോഗം വിളിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(6) സ്വാശ്രയ പ്രൊഫഷണൽകോളേജുകളിലെ ഫീസ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പാവപ്പെട്ട കുട്ടികൾക്കുകൂടി പഠിക്കാൻ കഴിയുന്ന തരത്തിൽ ഫീസും ഡെപ്പോസിറ്റ് തുകയും കുറയ്ക്കുന്നതിനും സർക്കാർ മെഡിക്കൽ കോളേജുകളിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച അധിക സീറ്റുകൾ നേടിയെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ മെറിറ്റും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന വിധത്തിൽ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജ് മാനേജുമെന്റുകളുമായി ഫീസിന്റെ കാര്യത്തിലും സീറ്റ് വിതരണത്തിലും ധാരണയുണ്ടാക്കാനും കരാർ പ്രകാരം 11 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, ഒരു സഹകരണ മെഡിക്കൽ കോളേജ്, 16 സ്വാശ്രയ ഡെന്റൽ കോളേജുകൾ, ഒരു സഹകരണ ഡെന്റൽ കോളേജ് എന്നിവയുടെ 50 ശതമാനം സീറ്റുകളിലും കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ 85 ശതമാനം സീറ്റിലും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്നും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിൽ പാവപ്പെട്ടവരും റിസർവേഷൻ ആനുകൂല്യം ഉള്ളവരും ഉൾപ്പെടും. സ്വാശ്രയ മെഡിക്കൽ ഡെന്റൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്നത് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുട്ടികളാണ്. ആ വിഭാഗത്തിലെ കുട്ടികളിൽ നിന്നും തിരികെ നൽകുന്ന നിക്ഷേപമായി അഞ്ചു ലക്ഷം രൂപ വാങ്ങാമെന്ന വ്യവസ്ഥയാണ്

മാനേജുമെന്റ് മുന്നോട്ടുവച്ചത്. ആയതിനാൽ ഈ ഡെപ്പോസിറ്റ് വിദ്യാർത്ഥി കൾക്ക് ഒരു അധിക ബാദ്ധ്യതയാണെന്ന പരാതിക്ക് അടിസ്ഥാനമില്ല. ഇതുമൂലം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുകയില്ല. വിദ്യാർത്ഥികൾക്ക് മെരിറ്റ് വിഭാഗത്തിലെ ഗവൺമെന്റ് കോളേജുകളിലെ ഫീസായ 25,000 രൂപയോ എസ്.സി./ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 45,000 രൂപയോ മാത്രമാണ് നൽകേണ്ടിവരുന്നത്.

(7) <u>തിരുവനന്തപുരത്ത് വഞ്ചിയൂരിലുണ്ടായ സംഘർഷം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> തിരുവനന്തപുരത്ത് വഞ്ചിയൂരിൽ നടന്ന വിഷ്ണുവിന്റെ കൊലപാതകത്തെ തുടർന്ന് ആർ.എസ്.എസ്-ന്റെ നേതൃത്വത്തിൽ നടക്കുന്ന അക്രമ സംഭവങ്ങളിൽ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നഗരത്തിന്റെ പല ഭാഗങ്ങളിൽ നടക്കുന്ന ആയുധ പരിശീലനങ്ങൾ നിയമാനുസൃതം നിരോധിക്കുന്നതിനും പരാതി നൽകിയാൽ അത് ഗൗരവത്തോടുകൂടി കാണുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : 27-6-2010-ന് വഞ്ചിയൂർ ചെമ്പകശ്ശേരി ജംഗ്ഷന് സമീപംവച്ച് ഡി.വൈ.എഫ്.ഐ. വഞ്ചിയൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ രഞ്ജിത് കുമാറിനെ ഒരു കൂട്ടം ആർ.എസ്.എസ്. പ്രവർത്തകർ വാഹനങ്ങളിൽ വന്ന് വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ വഞ്ചിയൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം രാത്രി ഒരു കൂട്ടം ആൾക്കാർ ചേർന്ന് ആർ.എസ്.എസ്. പ്രവർത്തകനായ

ഷാജിയുടെ വീട്ടിൽക്കയറി നാശനഷ്ടം വരുത്തിയതുമായി ബന്ധപ്പെട്ട് മറ്റൊരു കേസും അന്നേ ദിവസം രാത്രി കിഴക്കേകോട്ട എസ്.പി. ഫോർട്ട് ആശുപത്രിയുടെ മുൻപിൽവച്ച് ബി.ജെ.പി. പ്രവർത്തകനായ ഷിനുവിനേയും കൂടെയുണ്ടായിരുന്ന സാജനേയും തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് വേറൊരു കേസ്സും രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് പിക്കറ്റിംഗും ശക്തമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തിയി ട്ടുണ്ട്. ഉന്നത പോലീസ് ഉദ്യോഗസ്ഥരോട് സംഭവ സ്ഥലത്ത് ക്യാമ്പ് ചെയ്യാനും അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ആയുധപരിശീലനം നിരോധിച്ചുകൊണ്ട് 2010-ൽ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(8) വടക്കേകളത്തെ കൈവശ കർഷകർക്ക് പട്ടയം

ശ്രീ. കെ.പി. മോഹനൻ: പെരിങ്ങളം നിയോജക മണ്ഡലത്തിൽ വടക്കേക്കളത്തെ കൈവശ കർഷകർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പെരിങ്ങളം മണ്ഡലത്തിലെ വടക്കേക്കളത്ത് തലശ്ശേരി താലൂക്ക് ലാന്റ് ബോർഡിന്റെ തീരുമാനപ്രകാരം 1234 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കേണ്ട സ്ഥാനത്ത് 117.2 ഏക്കർ മിച്ചഭൂമി മാത്രമാണ് ഏറ്റെടുത്ത് വിതരണം ചെയ്തത്. മിച്ചഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുൾപ്പെടെ ധാരാളം

കേസുകൾ നിലവിലുണ്ട്. തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ കൈവശ കർഷകർക്ക് നടപടിക്രമങ്ങളിലെ കാലതാമസം കാരണം ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിക്കഴിഞ്ഞു. 2005-ൽ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ മുൻ സർക്കാർ ചില ഭേദഗതികൾ വരുത്തിയെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കാൻ കഴിയാത്തതിനാൽ മുൻ സർക്കാർ വരുത്തിയ ഭേദഗതി നിയമം ചില മാറ്റങ്ങളോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ നടപ്പാക്കുമ്പോൾ വടക്കേകളത്തെ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടും. കൈവശ കർഷകർക്ക് പട്ടയം നൽകുന്നതിനും നികുതി സ്വീകരിക്കുന്നതിനും കഴിയുന്ന തരത്തിൽ അവരെ സഹായിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ടി.എൽ.ബി.-യിൽ 1800-ഓളം കേസുകളാണ് ഹൈക്കോടതിയിലുള്ളത്. ആയിരക്കണക്കിന് ഭൂമി ഏറ്റെടുത്ത് മിച്ച ഭൂമിയാക്കി ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയും അത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടി വരുകയും ചെയ്യുമ്പോൾ വില കൊടുത്തുവാങ്ങിയ 2005 വരെയുള്ള പത്തേക്കർ ഭൂമി ഒഴിവാക്കി കൊടുത്താൽ ടി.എൽ.ബി. കേസുകളിൽ സർക്കാരിന് ഒരു തുണ്ട് ഭൂമി പോലും കിട്ടാത്ത അവസ്ഥ സംജാതമാകുമെന്നതിനാൽ അതുകൂടി പരിഗണിച്ച് പത്ത് ഏക്കർ എന്നത് കുറച്ചു കൂടി കുറയ്ക്കുന്നതിനുള്ള ഒരു തീരുമാനം എടുക്കുന്നതിന് പ്രതി പക്ഷ കക്ഷികളുമായി ചർച്ച നടത്തി ഒരു പൊതു അഭിപ്രായത്തിൽ എത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(9) സ്ക്കൂൾ കെട്ടിടങ്ങളുടെ പുനർ നിർമ്മാണം.

ശ്രീ. ബാബു പോൾ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും എം.പി./എം.എൽ.എ. ഫണ്ടും സ്ക്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസിന് മാത്രമേ തികയുകയുള്ളൂവെന്നുള്ളതുകൊണ്ട് നബാർഡ് പോലുള്ള ഏജൻസികളിൽ നിന്ന് ഫണ്ട് ലഭ്യമാക്കി കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ സ്ക്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 2007 മുതൽ 2010 വരെ സ്ക്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. സ്ക്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി തയ്യാറാക്കുന്നതാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയതിനുശേഷം പ്രത്യേക പാക്കേജ് ആവശ്യമുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) നരസിമുക്ക് അസീസി കാരുണ്യാശ്രമത്തിലെ പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ട സംഭവം

ശ്രീമതി കെ.എസ്. സലീഖ : പാലക്കാട് അഗളി ഗ്രാമ പഞ്ചായത്തിൽപ്പെട്ട നരസിമുക്ക് അസീസി കാരുണ്യാശ്രമത്തിലെ അന്തേവാസികളായ അഞ്ച് പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുകയും തുടർന്ന് ആശ്രമത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. ബുദ്ധിമാന്ദ്യം സംഭവിച്ചവരുൾപ്പെടെ 32 കുട്ടികളാണ് ഈ ആശ്രമത്തിൽ താമസിക്കുന്നത്. 1997 മുതൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടാനാവശ്യമായ നടപടി സ്വീകരിക്കണം. അന്തേവാസികളായ കുട്ടികളെ മറ്റ് സ്ഥാപനത്തി

ലേയ്ക്ക് മാറ്റുന്നതോടൊപ്പം പെൺകുട്ടികളെ പീഡിപ്പിച്ചവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം. .

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : എറണാകുളം കേന്ദ്രമായുള്ള രക്ഷാവില്ല ട്രസ്റ്റിന്റെ കീഴിൽ പാലക്കാട് അഗളി നരിസിമുക്കിൽ പ്രവർത്തിക്കുന്ന രക്ഷാവില്ലാ ആശ്രമത്തിൽ കൗൺസിലിംഗിനായി ചെന്ന എറണാകുളം സ്വദേശിനികളും 16-23 വരെ പ്രായമുള്ളവരുമായ 5 യുവതികൾ പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച് അഗളി പോലീസ് സ്റ്റേഷനിൽ മൊഴി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 5 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ബലാൽസംഗത്തിന് വിധേയയായ യുവതിയെ പാലക്കാട് ജില്ലാ ആശുപത്രിയിൽ ഹാജരാക്കി നിയമാനുസരണം മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്തിട്ടുണ്ട്. ബലാൽസംഗക്കേസ് അഗളി സി.ഐ.യും മറ്റ് നാല് കേസ്സുകൾ അഗളി എസ്.ഐ.യും അന്വേഷണം നടത്തിവരികയാണ്. ജില്ലാ പോലീസ് സൂപ്രണ്ടിനോട് കേസ്സിന്റെ അന്വേഷണത്തിന് മേൽനോട്ടം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(11) താമരക്കുളം പഞ്ചായത്തിലെ ഭീകരാന്തരീക്ഷം

ശ്രീ. കെ. കെ. ഷാജു : താമരക്കുളം പഞ്ചായത്തിൽ കണ്ണനാകുഴി പ്രദേശത്ത് എൽ. ഡി. എഫ്. അനുഭാവികളായ അക്രമികൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് സ്ഥലം എം.പി.-യേയും കോൺഗ്രസ് അനുഭാവികളേയും ആക്രമിക്കുകയും വീടുകൾ തകർക്കുകയും ചെയ്ത സംഭവം അന്വേഷിച്ച് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : താമരക്കുളം പഞ്ചായത്തിൽ അക്രമികൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് സ്ഥലം എം. പി.-യെ ആക്രമിച്ചത് സംബന്ധിച്ച് വള്ളിക്കുന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ജില്ലാ പോലീസ് സൂപ്രണ്ടടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് പോയിട്ടുണ്ട്. ക്രമസമാധാനനില വിലയിരുത്തി റിപ്പോർട്ട് നൽകാനും തുടർ സംഭവങ്ങളുണ്ടാകാതിരിക്കാൻ ജാഗ്രതാനടപടികൾ സ്വീകരിക്കാനും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചെയർമാന്മാരുടെ പാനൽ

സർവ്വശ്രീ എം. ചന്ദ്രൻ, വി. സുരേന്ദ്രൻ പിള്ള, എം. എ. വാഹീദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**ക്രമപ്രശ്നം**

<u>സമൻസ് അയയ്ക്കാനുള്ള കാലതാമസം സംബന്ധിച്ച്</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സഭ ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് സമൻസ് അയയ്ക്കണമെന്നുള്ള നിയമസഭാ നടപടി ചട്ടങ്ങളിലെ വ്യവസ്ഥ ലംഘിച്ചിരിക്കുകയാണ്. ഗവൺമെന്റിന് ഓർഡിനൻസിറക്കാനുള്ള സൗകര്യത്തിനുവേണ്ടി സമൻസ് അയയ്ക്കുന്ന നടപടി താമസിപ്പിച്ചതായിട്ടാണ് അറിയുന്നത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുണ്ടാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : അത്യാവശ്യ കാര്യങ്ങളുണ്ടായതിനാൽ നിയമസഭാ നടപടി ചട്ടങ്ങളിലെ വ്യവസ്ഥ പാലിക്കാൻ സാധിച്ചില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു അപാകതയുമുണ്ടായിട്ടില്ല. കാര്യങ്ങൾ ഭരണപരമായി കൊണ്ടുപോകാനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : 12 ദിവസങ്ങൾക്കുമുമ്പ് അംഗങ്ങൾക്ക് സമൻസ് അയയ്ക്കണമെന്നത് നേരത്തെ ചട്ടത്തിൽ പറഞ്ഞിട്ടുള്ളതാണ്. 15 ദിവസത്തിനുമുമ്പ് സമൻസ് അയയ്ക്കണമെന്ന് പരിഷ്ക്കരിച്ച ചട്ടത്തിലും കൃത്യമായി പറഞ്ഞിട്ടുമുണ്ട്. പക്ഷേ ഇവിടെ 12 ദിവസം മാത്രമേ ലഭിച്ചിട്ടുള്ളൂ. 15 ദിവസം കൃത്യമായി ലഭിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം.

**ക്രമപ്രശ്നം**

ബില്ലുകളുടെ ചർച്ചയ്ക്ക് അർഹമായ പരിഗണന.

ശ്രീ. കെ. സി. ജോസഫ് : ഇന്ന് നിയമനിർമ്മാണത്തിൽ മൂന്ന് ബില്ലുകളാണ് പരിഗണനയ്ക്കെടുക്കുന്നത്. ഇത്രയും പ്രാധാന്യമുള്ള ബില്ലുകൾ ചർച്ച ചെയ്യാൻ അർഹമായ പരിഗണന നൽകണം. ബി. എ. സി. കൂടി പ്രതിപക്ഷനേതാവുമായി കൺസൾട്ട് ചെയ്യുന്നതിനുപകരം ഏകപക്ഷീയമായി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടി ശരിയല്ല. ഇനിയെങ്കിലും ഇത് ആവർത്തിക്കാൻ പാടില്ല.

**റൂളിംഗ്**

മി. സ്പീക്കർ : ഗവൺമെന്റ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബിൽ ഭരണഘടനാ വിരുദ്ധമാണ്

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു നിയമനിർമ്മാണം നടത്തുമ്പോൾ നിയമസഭാ നടപടി ചട്ടങ്ങളിലെ റൂൾ 69 (5) അനുസരിച്ചും ഭരണഘടനയിലെ ആർട്ടിക്കിൾ 348 അനുസരിച്ചും ഗവർണ്ണർ അംഗീകരിച്ച ബില്ലിന്റെ ഇംഗ്ലീഷ് പതിപ്പാണ് പ്രസിദ്ധീകരിക്കേണ്ടത്. പക്ഷേ ഇവിടെ ഗവർണ്ണർ അംഗീകരിക്കാത്ത ഇംഗ്ലീഷ് പതിപ്പാണ് പബ്ലിഷ് ചെയ്തിരിക്കുന്നത്. ഇത് ഭരണഘടനയുടേയും റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റേയും ലംഘനമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 73 അനുസരിച്ച് ഒരു ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ആ ബില്ലിലെ ഓരോ ക്ലാസ് പ്രകാരവും വരുന്ന റിക്കറിംഗ് ആന്റ് നോൺ റിക്കറിംഗ് എക്സ്പെന്റിച്ചർ സ്പെസിഫിക്കായി പറയണമെന്നുണ്ട്. എന്നാൽ ഈ ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് ചെലവ് കണക്കാക്കാൻ പറ്റില്ലെന്നാണ്. റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെന്റിച്ചറുകൾക്കുള്ള തുക കണക്കാക്കാതെ

കൊണ്ടുവന്ന ഈ ബിൽ ഭരണഘടനാവിരുദ്ധമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 251-ൽ പറയുന്നത്, സെൻട്രൽ ആക്ടിന് ഇൻകൺസിസ്റ്റന്റായി സ്റ്റേറ്റ് ഗവൺമെന്റ് നിയമമുണ്ടാക്കിയാൽ അത് നിലനിൽക്കില്ല; അത് ഇൻവാലിഡാകും, സ്റ്റേറ്റ് ലെജിസ്ലേച്ചർ അതിന് കോംപീറ്റന്റല്ല എന്നാണ്. ഗവൺമെന്റ് ടൂറിസം വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയിൽ കൂടുതലും ഫോറസ്റ്റ് ലാന്റാണ്. നിലവിലുള്ള കേന്ദ്ര നിയമമായ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം നോൺ ഫോറസ്റ്റ് പർപ്പസിന് ഈ ഭൂമി ഉപയോഗിക്കാൻ പാടില്ല. അതുകൊണ്ട് കേന്ദ്ര നിയമത്തിനെതിരെ ഒരു നിയമമുണ്ടാക്കാൻ സംസ്ഥാന നിയമസഭ കോംപീറ്റന്റല്ല. ഈ ബില്ലിൽ ഒരു ട്രൈബ്യൂണൽ ഉണ്ടാക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട്, ഫോറസ്റ്റ് ആക്ട് തുടങ്ങിയ നിയമങ്ങളെ ചോദ്യം ചെയ്യുന്ന നിരവധി കേസുകൾ  ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ ഈ ട്രൈബ്യൂണലിൽ വരും. അത്തരം കേസുകളിൽ തീരുമാനമെടുക്കാനുള്ള അധികാരം ട്രൈബ്യൂണലിന് നൽകുന്നത് നിയമവിരുദ്ധമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ഗവൺമെന്റിന് ചില പ്രത്യേക അടിയന്തിര സാഹചര്യം വന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നത്.  2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ 26-6-2010-ന് പ്രസിദ്ധീകരിക്കുകയും 27-6-10-ന് സർക്കുലേറ്റ് ചെയ്യുകയും 27-6-10-ന് മോഷൻ ഇൻഡിക്കേറ്റ് ചെയ്തുകൊണ്ടുള്ള കത്ത് അസംബ്ലിയിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.  മോഷൻ സഭയിൽ അവതരിപ്പിക്കുന്നതിന് മൂന്ന് ദിവസം മുമ്പ് ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ലഭ്യമായിരിക്കണമെന്നാണ്

വ്യവസ്ഥ. ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നത് 29-6-10-നാണ്. 27-6-10-ന് സർക്കുലേറ്റ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത റൂൾ പ്രകാരമുള്ള ആവശ്യകത സാങ്കേതികമായി നിറവേറ്റിയിട്ടുണ്ട്. നിയമസഭാ ചട്ടങ്ങളിലെ റൂൾ 69 അനുസരിച്ച് ബില്ലിന്റെ ഇംഗ്ലീഷ് വെർഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 348 (3) അനുസരിച്ച് ഗവർണ്ണറുടെ അംഗീകാരം കിട്ടിയാൽ ബില്ലിന്റെ ഇംഗ്ലീഷ് വെർഷൻ ആധികാരിക രേഖയായി പ്രസിദ്ധീകരിക്കുന്നതാണ്. 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബില്ലിൽ, നിലവിലുള്ള നിയമങ്ങൾക്കോ പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾക്കോ വിരുദ്ധമായ വ്യവസ്ഥകളൊന്നുംതന്നെ ഇല്ലാത്തതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല. ജില്ലാ ജഡ്ജി ചെയർമാനായിട്ടുള്ള ഈ ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ആവർത്തന ചെലവിനെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. മൂന്നാറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് ഈ ബിൽ ഓർഡിനൻസായി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. ഈ ബില്ലിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 26-ാം തീയതിയാണ് ബിൽ സർക്കുലേറ്റ് ചെയ്തത്- പൂർണ്ണമായി മൂന്ന് ദിവസം ലഭിച്ചില്ല എന്നുള്ളതാണ് ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം. തീർച്ചയായും മൂന്ന് ദിവസത്തിന് മുമ്പ് അംഗങ്ങൾക്ക് ബിൽ കിട്ടാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. ബില്ലിന്റെ ആധികാരികമായ തർജ്ജിമ കാലതാമസം ഒഴിവാക്കി ലഭ്യമാക്കേണ്ടതാണെ

ന്നാണ് ചെയറിന്റെ അഭിപ്രായം. ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച മന്ത്രിയുടെ മറുപടി ചെയർ അംഗീകരിക്കുകയാണ്. നിലവിലുള്ള നിയമങ്ങൾക്കോ പാർലമെന്റ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്കോ വിരുദ്ധമായ വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഇല്ല എന്ന് മന്ത്രി ചൂണ്ടിക്കാണിച്ചതും ചെയർ അംഗീകരിക്കുകയാണ്. ഇതുകൂടാതെ എന്തെങ്കിലും പ്രൊസീഡ്യുവറൽ ലാപ്സ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് കറക്ട് ചെയ്യുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ബിൽ അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇടുക്കിയിലെ ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ കോടതിയിൽ കെട്ടിക്കിടക്കുകയാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അനധികൃതമായതോ നിയമാനുസൃതമല്ലാത്തതോ ആയ കെട്ടിട നിർമ്മാണങ്ങളും മറ്റും പൊളിച്ചുമാറ്റുന്നതിനും വിവിധ നിയമങ്ങളുടെ കീഴിൽ സർക്കാർ നടപടികൾ കൈക്കൊള്ളുകയുണ്ടായിയെങ്കിലും വിവിധ കോടതികളിൽ അനേകം വ്യവഹാരങ്ങൾ തീർപ്പുകൽപ്പിക്കപ്പെടാതെ കെട്ടിക്കിടക്കുകയാണ്. തർക്കങ്ങളിൽ പലതിനും വിശദമായ തെളിവുകൾ ആവശ്യമായി വരുന്നതിനാൽ വ്യവഹാരങ്ങൾ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നു എന്നുള്ളത് പരിഗണിക്കുമ്പോൾ വർഷങ്ങളെടുത്താലും ഇടുക്കിയിലെ ഭൂ പ്രശ്നവുമായി ബന്ധപ്പെട്ട കേസ്സുകൾക്ക് പരിഹാരം ഉണ്ടാവുകയില്ല എന്ന് വ്യക്തമാണ്. മാത്രമല്ല, ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങളാകെ മന്ദീഭവിക്കുകയും ചെയ്യും. ഈ സാഹചര്യത്തിലാണ് ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ കേസ്സുകളുടെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുവേണ്ടി ഒരു

പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ച് കേസ്സുകൾ ട്രൈബ്യൂണലിന് നൽകുവാൻ സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ കേസ്സുകൾ വാദിക്കാൻ വേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ ഭാഗത്തുനിന്നും വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുകയും വീഴ്ചവരുത്തിയ അഭിഭാഷകരെ നീക്കം ചെയ്യുകയും ചെയ്യും. ട്രൈബ്യൂണലിൽ പ്രഗൽഭരായ മൂന്ന് അംഗങ്ങളെ നിയമിച്ചുകൊണ്ട് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. എം. മാണി</u>: I move that –

"This House resolves to disapprove The Munnar Special Tribunal Ordinance, 2010 (Ordinance No.27 of 2010). വ്യവഹാരങ്ങളിലും തർക്കങ്ങളിലും കൂടുതലും വസ്തുതാപരമായതാകയാൽ രേഖകളും തെളിവുകളും വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നു എന്ന ഗവൺമെന്റിന്റെ ആർഗ്യുമെന്റ് തന്നെ ലോജിക്കലായിട്ടുള്ളതല്ല. നിലവിലുള്ള കോടതികൾക്കുതന്നെ വിശദമായി ഓരോ കേസ്സിലും തെളിവുകൾ വിലയിരുത്തി ജഡ്ജ്മെന്റ് പുറപ്പെടുവിക്കാൻ കഴിയുമെന്നിരിക്കെ ഒരു പ്രത്യേക ട്രൈബ്യൂണലിന്റെ ആവശ്യമില്ല. കേസ്സുകൾ കൂടുതലാണെങ്കിൽ ഹൈക്കോടതിയുടെ അനുമതിയോടുകൂടി ഫാസ്റ്റ് ട്രാക്ക് കോടതിയിൽ വയ്ക്കാം. സർക്കാരിന്റെ ഡയറക്ഷൻ അനുസരിച്ച് നടന്നിട്ടുള്ള മുഴുവൻ പ്രവൃത്തികളും ഇല്ലീഗലാണെന്ന് കോടതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ ശിക്ഷിക്കുകയും നഷ്ടപരിഹാരം കൊടുക്കണമെന്ന് പറഞ്ഞതിന്റെയും അടിസ്ഥാനത്തിൽ

സർക്കാരിന്റെ മുഖം രക്ഷിക്കാൻ വേണ്ടിയാണ് ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നത്. ഈ ട്രൈബ്യൂണൽ ഭരണഘടനാ വിരുദ്ധമായതിനാൽ നിലനിൽക്കില്ല. ഈ ബില്ലിൽ ട്രൈബ്യൂണലിന്റെ അധികാരങ്ങളെക്കുറിച്ച് പറയുന്നത് ക്ളാസ് 7 പ്രകാരം അഡ്ജുഡിക്കേറ്റ് ചെയ്യാനുള്ള അധികാരമോ തീരുമാനം എടുക്കാനുള്ള അധികാരമോ ഇല്ല. നിയമസഭയ്ക്ക് നൽകാത്ത അധികാരം ഉപയോഗിച്ചുകൊണ്ട് കോടതിയിൽ നിലവിലിരിക്കുന്ന ഒരു കേസ് ട്രാൻസ്ഫർ ചെയ്ത് വിസ്തരിക്കുന്നതിനുവേണ്ടി ഒരു ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള തീരുമാനം ഭരണഘടനാ വിരുദ്ധമാണ്. അതിനാൽ ഈ ബിൽ പാസ്സാക്കിയാൽ അത് അൾട്രാവയേഴ്സ് ആയിരിക്കും. കേന്ദ്ര നിയമത്തിന് വിരുദ്ധമായ വ്യവസ്ഥയോടുകൂടിയ ഒരു ബിൽ നിയമസഭയിൽ വയ്ക്കണമെങ്കിൽ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. സർക്കാരിന് താൽപ്പര്യമുള്ള കേസ്സുകളിൽ അനുകൂലമായ വിധി സമ്പാദിക്കാനും അല്ലാത്ത കേസ്സുകളിൽ വിധി നീട്ടിക്കൊണ്ടുപോകാനും വേണ്ടിയുള്ള ഈ നിയമം പാസ്സാക്കിയാൽ കോടതിയിൽ നിലനിൽക്കില്ല.

<u>ശ്രീ. കെ.സി. ജോസഫ്</u>: വനം വകുപ്പുമന്ത്രിയോ റവന്യു വകുപ്പുമന്ത്രിയോ നിയമവകുപ്പുമന്ത്രിയോ അവതരിപ്പിക്കേണ്ട ഈ ബിൽ ആഭ്യന്തര വകുപ്പുമന്ത്രി അവതരിപ്പിച്ചത് നിയമസഭാ നടപടിക്രമങ്ങൾക്ക് യോജിച്ചതല്ല. മൂന്നാറുമായി ബന്ധപ്പെട്ട് തർക്കമുള്ള പ്രദേശങ്ങളെയെല്ലാം ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. നിലവിലുള്ള കേസ്സുകൾ തീരുമാനമാകാതെ നീട്ടിക്കൊണ്ടുപോകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മൂന്നാർ മേഖലയിലെ തർക്കങ്ങൾ എല്ലാം പരിശോധിച്ച് അതിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം അതുമായി ബന്ധപ്പെട്ട നൂറുകണക്കിന് കേസ്സു

കളെല്ലാംകൂടി ട്രൈബ്യൂണലിലേയ്ക്ക് കൊണ്ടുവരുന്ന നടപടി ഭരണഘടനാ വിരുദ്ധമാണ്. കേരള ഫോറസ്റ്റ് ആക്ട്, കേരള ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, ഇക്കളോജിക്കലി ഫ്രെജൈൽ ലാന്റ് ആക്ട് എന്നിവയുമായി ബന്ധപ്പെട്ട കേസുകളെല്ലാംകൂടി ട്രൈബ്യൂണലിന്റെ പരിധിയിൽ വന്നാൽ അവയുടെ തീർപ്പ് അനന്തമായി നീണ്ടുപോകുന്ന സ്ഥിതിയുണ്ടാകും. മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ ചെയർമാനായി സീനിയർ ജില്ലാ ജഡ്ജിയും മറ്റ് രണ്ട് അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അതിൽ ഒരാൾ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളും മറ്റേയാൾ ജില്ലാ ജഡ്ജിയായി സർവ്വീസിൽനിന്നും വിരമിച്ച ഒരാളായിരിക്കേ ണ്ടതുമാണെന്ന വ്യവസ്ഥ അനുസരിച്ചുള്ള നിയമനങ്ങൾക്ക് കാലതാമസമു ണ്ടാകും. മാത്രമല്ല ഹൈക്കോടതിയിൽ നിന്നും മറ്റും വിവിധ കേസ്സുകൾ ട്രൈബ്യൂണലിലേയ്ക്ക് ട്രാൻസ്ഫർ ചെയ്താലും തീർപ്പു കൽപ്പിക്കുന്നതിൽ വേഗത പോരാതെ വരും. അതുകൊണ്ട് നിയമപരമായ അടിത്തറയില്ലാത്ത നിയമനിർമ്മാണം മൂന്നാറിലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാൻ മാത്രമേ ഉപകരിക്കുകയുള്ളുവെന്നതിനാൽ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റീസ് എന്ന വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയം സംബന്ധിച്ച മൂന്നാർ ട്രൈബ്യൂണൽ ബില്ലിന്റെ സെക്ഷൻ (5) പ്രകാരം ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏത് വ്യവഹാരവും, ഈ ആക്ട് പ്രകാരം ന്യായനിർണ്ണയം ചെയ്യുവാൻ അധികാരപ്പെടുത്തപ്പെട്ട ട്രൈബ്യൂണലിലേയ്ക്ക് അന്തിമവിധിക്കായി സ്വമേധയാ റഫർ ചെയ്യു

ന്നതിനുള്ള അധികാരം ഹൈക്കോടതിക്ക് കൊടുത്തിട്ടുണ്ട്. കീഴ്കോടതികളിലും ജില്ലാ കോടതികളിലും നിലവിലുള്ള കേസുകൾ എത്രയും വേഗം തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയമനിർമ്മാണം നടത്തുന്നത്. സംസ്ഥാനത്ത് വിവിധ തലങ്ങളിലായി കെട്ടിക്കിടക്കുന്ന സമാന സ്വഭാവമുള്ള കേസ്സുകൾ കാലതാമസമുണ്ടാകാതെ തീർപ്പുകൽപ്പിക്കുന്നതിന് ഈ ബിൽ സഹായകരമാകും. ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറായത്. ബില്ലിലെ സെക്ഷൻ 3 (9) -ൽ അഡ്ജൂഡിക്കേഷൻ അധികാരത്തെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട കേസ്സിൽ 2010 മേയ് മാസം 11-ന് സുപ്രീം കോടതി നടത്തിയ ഒബ്സർവേഷനിൽ നിയമനിർമ്മാണ സഭയെന്ന നിലയിൽ ട്രൈബ്യൂണൽ രൂപീകരണത്തിനുള്ള അധികാരമുണ്ടെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമനിർമ്മാണത്തിന്റെ ഭാഗമായി നോട്ടിഫൈ ചെയ്ത പ്രദേശങ്ങൾക്കുപുറമേ കൂടുതൽ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്തു തീരുമാനിക്കാം.

ശ്രീ. എം.ജെ. ജേക്കബിനുവേണ്ടി <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 16-8-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൂന്ന് പഞ്ചായത്തുകൾ ഉൾപ്പെട്ട കെ.ഡി.എച്ച്. വില്ലേജിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് കേരളജനതയ്ക്കും നിയമസഭയ്ക്കും ബോധ്യപ്പെടുന്ന അവസരത്തിൽ മാത്രമേ മൂന്നാർ പ്രത്യേക ട്രിബ്യൂണലിന്റെ പ്രാധാന്യം മനസ്സിലാകുകയുള്ളൂയെന്നുള്ളതുകൊണ്ട് ഈ ബിൽ വളരെ പ്രധാനപ്പെട്ടതാണ്. യൂക്കാലി മരങ്ങൾ നിരോധിക്കണമെന്നും ഭൂമിയുടെ

പരിസ്ഥിതി നിലനിർത്താൻ ഉപയോഗപ്രദമായ മറ്റുമരങ്ങൾ വച്ചുപിടിപ്പിക്കണമെന്നുമുള്ള പരിസ്ഥിതി വാദികളുടെ പ്രചാരണം മൂന്നാറിനെ ദുർബലപ്പെടുത്തുന്നതാണ്. 1971–ലെ സർക്കാരാണ് കെ.ഡി.എച്ച് ആക്ട് അനുസരിച്ച് തോട്ടം തൊഴിലാളികൾക്ക് ഭൂമി വിതരണവും ആ പ്രദേശത്ത് വികസന കാഴ്ചപ്പാടും കൊണ്ടുവരാൻ ശ്രമിച്ചത്. ലാൻഡ് ബോർഡ് അവാർഡ് അനുസരിച്ചുള്ള ഭൂമി തരം തിരിവ് സംബന്ധിച്ചുള്ള സർവ്വേ പൂർത്തിയാക്കണം. ഫോറസ്ററ് ഡിപ്പാർട്ടുമെന്റ്, കോടതി, വിവിധ കമ്മീഷനുകൾ തുടങ്ങിയവയെല്ലാം പ്രദേശവാസികൾക്ക് താമസിക്കാൻ പറ്റാത്ത രീതിയിലുള്ള പ്രതീതി ഉണ്ടാക്കുന്നത് അവസാനിപ്പിക്കണം. എല്ലാ കാര്യത്തിലും ജില്ലാ ഭരണകൂടത്തിന്റേയും പൊതുജനങ്ങളുടേയും അഭിപ്രായം പരിഗണിക്കപ്പെടണം. മാങ്കുളം പഞ്ചായത്ത് രൂപീകരിച്ച് പട്ടയം നൽകുകയും ഭൂമി തിട്ടപ്പെടുത്തുകയും ചെയ്തവർക്ക് ഉടമസ്ഥാവകാശം നൽകണം. വനം വകുപ്പിന്റെ ഭൂമി തിട്ടപ്പെടുത്തണം. മാങ്കുളത്തും വിരിപാറയിലും പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ വനം വകുപ്പിന് കുറച്ചധികം ഭൂമി പതിച്ചുകൊടുക്കണമെന്നുള്ള സെൻട്രൽ ടീമിന്റെ ശുപാർശ നിരാകരിക്കണം. സർക്കാർ ആവശ്യത്തിനും പൊതു ആവശ്യത്തിനും ഭൂമി ഏറ്റെടുക്കാൻ കഴിയണം. ഉദ്യോഗസ്ഥരുടെ തെറ്റായ കീഴ്വഴക്കങ്ങൾ അവസാനിപ്പിക്കണം. കെ.ഡി.എച്ച് ആക്ട് അനുസരിച്ചും ലാന്റ് ബോർഡ് ആക്ട് അനുസരിച്ചും മൂന്നാറിൽ തിട്ടപ്പെടുത്തിയിട്ടുള്ള ഭൂമി മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് അവസാനിപ്പിക്കണം. മൂന്നാറിൽ കെ.ഡി.എച്ച് ആക്ടും ലാന്റ് ബോർഡ് ആക്ടും നടപ്പാക്കണം. സെൻട്രൽ ഗവൺമെന്റ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്നാർ പോലുള്ള പ്രദേശത്ത് കടന്നു

കയറുന്നത് അവസാനിപ്പിക്കണം. മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയെല്ലാം വനഭൂമിയാണെന്നുള്ള അവകാശവാദം അവസാനിപ്പിക്കണം. ജനങ്ങൾക്ക് നീതി ലഭ്യമാക്കാനാവശ്യമായ പ്രതിബദ്ധത കാണിക്കണം. മൂന്നാർ പ്രദേശത്തിന്റെ വികസനത്തിന് പ്രാധാന്യം കൊടുക്കണം. സർക്കാർ ശമ്പളം കൈപ്പറ്റുന്ന ആളുകൾ സർക്കാരിനോട് നീതിബോധവും പ്രതിബദ്ധ തയും കൂറും കാണിക്കണം. ആഗോളതാപനത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെ ടുന്ന ഈ അവസരത്തിൽ ഇന്നുള്ള കാലാവസ്ഥയെങ്കിലും നിലനിറുത്തണമെ ങ്കിൽ മൂന്നാറിൽ ഒരു പ്രത്യേക ട്രൈബ്യൂണൽ വരേണ്ടത് ആവശ്യമാണ്. കേസ്സുകളുടെ ബാഹുല്യം കാരണം വിവിധ കോടതികളിൽ കേസ്സുകൾ സമയത്തിന് തീർപ്പ് കല്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജനങ്ങൾക്ക് നീതി ലഭ്യമാക്കേണ്ടതുണ്ട്. പട്ടയം ലഭിച്ച ആളുകൾക്ക് ഭവനനിർമ്മാണം, മക്കളുടെ വിവാഹം, പഠനം എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും മൂന്നാറിലെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടി സ്വീകരിക്കു ന്നതിനും ഇത്തരം നിയമനിർമ്മാണം ആവശ്യമാണ്. .

ശ്രീ. എൻ. ശക്തനുവേണ്ടി ശ്രീ. കെ. ബാബു : 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൂന്നാറിലെ പ്രശ്നങ്ങൾ നീട്ടിക്കൊണ്ടുപോകാനുള്ള ശ്രമത്തിന്റെ ഭാഗമായി മാത്രമേ ഇതിനെ കാണാൻ പറ്റുകയുള്ളൂ. സീനിയർ ജില്ലാ ജഡ്ജി ചെയർമാനായി ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് കാലതാമസം ഉണ്ടാകും. ഏഴു വർഷത്തെ പ്രാക്ടീസ് ഉള്ള ഹൈക്കോടതി ജഡ്ജി ആകാൻ യോഗ്യതയുള്ള ഒരാൾ എന്നുപറയുമ്പോൾ ഗവൺമെന്റിന് സ്വാധീനമുള്ള ഒരാളെ ട്രൈബ്യൂ

ണലിൽ ഉൾപ്പെടുത്തുക എന്നുള്ള ഗൂഢമായ ഉദ്ദേശമാണ് ഇതിന്റെ പിന്നിലുള്ളത്. മൂന്നാർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേസ്സുകൾ ഒന്നിച്ച് ട്രൈബ്യൂണലിൽ കൊണ്ടുവന്ന് താമസിപ്പിക്കുന്നതിനുപകരം നിലവിലുള്ള കേസ്സുകൾ പെട്ടെന്ന് കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റിന്റെ ജാഗ്രത യാണ് ആവശ്യം. മൂന്നാറിൽ സർക്കാർ തിരിച്ചുപിടിച്ചുവെന്ന് അവകാശപ്പെ ടുന്ന 16000 ഏക്കർ സ്ഥലം ആരിൽനിന്നാണ് തിരിച്ചുപിടിച്ചതെന്ന് വ്യക്തമാ ക്കണം. ഭൂമി നിയമപരമായി പിടിച്ചെടുക്കുന്നതിനോടും പട്ടയം കൊടുക്കുന്ന തിനോടും പ്രതിപക്ഷം എതിരല്ല. അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനായി ഹൈക്കോടതിയുടെ ഇടപെടൽ വേണ്ടിവന്നു. ഭൂമി ഒഴിപ്പിക്കലും ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസ്സുകളിലെല്ലാം ഗവൺമെന്റും പരാജയപ്പെ ടുകയാണുണ്ടായത്. ചില പ്രദേശങ്ങൾ ഈ ബില്ലിൽ ഒഴിവാക്കിയിരിക്കു ന്നതിനെക്കുറിച്ച് വ്യക്തമാക്കണം. ഈ ബിൽ സദുദ്ദേശത്തോടുകൂടിയായി രുന്നു കൊണ്ടുവന്നിട്ടുള്ളതെങ്കിൽ എല്ലാ വില്ലേജുകളേയും ഉൾപ്പെടുത്തുമാ യിരുന്നു. കോടതിയിൽ കേസ് നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞാലും അഫിഡവിറ്റ് ഫയൽ ചെയ്യാറില്ല. ഹൈക്കോടതിയിൽ വിവിധ കേസ്സുകളിൽ വ്യത്യസ്തമായ നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. സി.എച്ച്.ആർ. കെട്ടിടങ്ങൾ പൊളിച്ചതിനുശേഷം ആ ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. രണ്ടാം ദൗത്യസംഘത്തിന്റെ റിപ്പോർട്ടിന്മേൽ എന്ത് നടപടി യാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കണം. കയ്യേറ്റവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസുകൾ ലോക്കൽ പോലീസിന് കൈമാറി യതിന്റെ പശ്ചാത്തലം വ്യക്തമാക്കണം. കേസുകളിൽ ഗവൺമെന്റ് പ്ലീഡർ ഒത്തുകളിക്കുന്നു എന്ന കളക്ടറുടെ പരാമർശത്തിന്മേൽ ഒരു നടപടിയും

സ്വീകരിച്ചിട്ടില്ല. സർക്കാർ ഏറ്റെടുത്ത ഭൂമി വനം വകുപ്പിന്റേതാണെന്നും അല്ലെന്നുമുള്ള തർക്കം കൂട്ടുത്തരവാദിത്വമില്ലായ്മയ്ക്ക് ഉദാഹരണമാണ്. മൂന്നാറിൽ സർക്കാരിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചത്. പാർട്ടി താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് ഇപ്പോൾ ട്രൈബ്യൂണൽ കൊണ്ടുവന്നിരിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതി കളുടെ പരിഗണനയിലിരിക്കുന്ന കേസുകൾ ഒരൊറ്റ കോടതിയുടെ മുമ്പാകെ കൊണ്ടുവന്ന് കാലതാമസം ഒഴിവാക്കി തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി യാണ് ട്രൈബ്യൂണൽ രൂപീകരിക്കുന്നത്. ബില്ലിൽ ഭേദഗതികൾ ആവശ്യമാ ണെങ്കിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനാവേളയിൽ പരിശോ ധിക്കാവുന്നതാണ്. ഏതെങ്കിലും വില്ലേജുകളെ ഒഴിവാക്കണമെന്ന് സർക്കാ രിന് ആഗ്രഹമില്ല. ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസുകൾ ലോക്കൽ പോലീസിന് കൈമാറാൻ നിശ്ചയിച്ചിട്ടില്ല. സർക്കാർ ഭൂമി സംരക്ഷിക്കപ്പെ ടണം എന്നതു തന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. കയ്യേറ്റക്കാരെ നിയമാനുസൃതമായ നടപടികൾക്ക് വിധേയമാക്കാനുദ്ദേശിച്ചുകൊണ്ടുള്ള താണ് ട്രൈബ്യൂണൽ. ചിന്നക്കനാലിൽ ഫീൽഡ് മെഷർമെന്റ് ബുക്ക് നശിപ്പി ച്ചത് സംബന്ധിച്ച് പ്രത്യേകം പരിശോധിക്കാം. കയ്യേറ്റക്കാരെയോ ഉന്നത രെയോ സംരക്ഷിക്കാനോ ആരുടെയെങ്കിലും മുന്നിൽ കീഴടങ്ങാനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) <u>2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u> : 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u> : 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

<u>ബിൽ ഭരണഘടനാ വിരുദ്ധമാണ്</u>

<u>ശ്രീ. വി. ഡി. സതീശൻ</u> : ഈ ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 246 (1) അനുസരിച്ച് യൂണിയൻ ലിസ്റ്റിൽപ്പെട്ടതായതിനാൽ അതിന്മേൽ നിയമനിർമ്മാണം നടത്താനുള്ള ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി ഈ സഭക്കില്ല. ഏഴാം ഷെഡ്യൂളിൽ എൻട്രി 52-ൽ വളരെ വ്യക്തമായി ഇൻഡസ്ട്രീസിനെക്കുറിച്ച് പറയുന്നുണ്ട്. പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിൽ, പാർലമെന്റിന്റെ അധികാരത്തിൽ വരുന്ന ഒരു ഇൻഡസ്ട്രി യൂണിയൻ ലിസ്റ്റിൽപ്പെട്ടതാണ്. 1953-ൽ പാസ്സാക്കിയ ടീ ആക്ടും യൂണിയൻ ലിസ്റ്റിൽപ്പെട്ടതാണ്. കൾട്ടിവേഷൻ, എക്സ്പോർട്ട്, നിയന്ത്രണം, പ്രൈസ് ഫിക്സിംഗ് തുടങ്ങിയ കാര്യങ്ങൾ യൂണിയൻ ലിസ്റ്റിൽ വരുന്നതും കേന്ദ്ര വിഷയവുമായതിനാൽ അതിന്മേൽ നിയമനിർമ്മാണം നടത്താൻ ഈ സഭയ്ക്ക് അധികാരമില്ല. ടീ എസ്റ്റേറ്റ് കൂടി ഉൾപ്പെട്ട പ്രദേശം ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തി പാർലമെന്റിന്റെ അധികാരങ്ങൾ കവർന്നെടുക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഗവൺമെന്റിന്റെ മുന്നിലുള്ള ലാന്റ് അക്വിസിഷൻ നിയമത്തെ ബൈപ്പാസ് ചെയ്തുകൊണ്ട് പബ്ലിക് പർപ്പസിനു വേണ്ടി ഭൂമി ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ഇത് 1971-ലെ കെ. ഡി. എച്ച്. ആക്ടിലെ 4 (എ), (ബി), (സി) എന്നീ വകുപ്പുകൾക്ക് വിരുദ്ധമാണ്. ഏറ്റെടുക്കുന്ന ഭൂമി ഫെയറായിട്ടാണ് കൈകാര്യം ചെയ്യേണ്ടതെന്നുള്ള പ്രഖ്യാപനങ്ങൾക്കും സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും ഇടക്കാല ഉത്തരവുകൾക്കും വിരുദ്ധമായിട്ടുള്ള പ്രൊവിഷൻസാണ് ഈ ബില്ലിലുള്ളത്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവും ടീ ആക്ടിന്റെ വയലേഷനുമാണ്. പ്രൊട്ടക്ഷൻ മേഖലയിലെ

സ്ഥലം ടൂറിസം ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം. സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യണമെന്ന ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനേയും ഈ ബില്ലിലൂടെ വയലേറ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. ഭരണഘടനയുടേയും റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റേയും ചട്ടങ്ങൾ വയലേറ്റ് ചെയ്തു കൊണ്ടുള്ള ഈ ബിൽ നിയമവിരുദ്ധമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ സെക്ഷൻ 2 അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങാതെ ഇത്തരമൊരു നിയമമുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ബില്ലിലെ 5-ാം ഖണ്ഡത്തിൽ നഷ്ടപരിഹാരം കൊടുക്കുന്ന വ്യവസ്ഥയിൽ വ്യക്തതയുണ്ടാകണം. ധനകാര്യ മെമ്മോറാണ്ടത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി സഞ്ചിതനിധിയിൽനിന്നും 5 കോടി രൂപ ചെലവ് വരുമെന്നുപറയുന്നതല്ലാതെ റെക്കറിംഗ്, നോൺ-റെക്കറിംഗ് എക്സ്പെന്റിച്ചറുകളെക്കുറിച്ച് ഒന്നും പറയുന്നില്ല. നിയമസഭയ്ക്ക് ഈ നിയമനിർമ്മാണത്തിനുള്ള കോംപീറ്റൻസിയില്ലാത്തതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകാൻ പാടില്ല.

ശ്രീ. കെ.എം. മാണി: ടാറ്റാ കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുമെന്നാണ് ഗവൺമെന്റ് ഇതുവരെ പറഞ്ഞിരുന്നതെങ്കിൽ ഈ ബിൽ ടാറ്റായ്ക്ക് നിയമപ്രകാരം വിട്ടുകൊടുത്ത ഭൂമി നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാൻ വേണ്ടിയുള്ളതാണ്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിനെതിരായ ഈ ബിൽ നിയമമാക്കുന്നതിന് പ്രസിഡന്റിന്റെ അസന്റ് ആവശ്യമാണ്. പ്രസിഡന്റിന്റെ അസന്റ് ഇല്ലാത്തതുകൊണ്ട് ഇത് void ആണ്, ബിൽ

നിലനിൽക്കുന്നതല്ല. ടീ ബോർഡിന്റെ പെർമിഷനില്ലാതെ ഈ ഭൂമി ടൂറിസം പർപ്പസിനുവേണ്ടി കൺവെർട്ട് ചെയ്താൽ അത് സെൻട്രൽ ആക്ടിന് വിപരീതമാകും. അതിന് വീണ്ടും പ്രസിഡന്റിന്റെ അസന്റ് വേണ്ടിവരും. ടാറ്റായുടെ ഭൂമി ഏറ്റെടുത്തു എന്ന് പറഞ്ഞുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ശ്രമമാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് നടത്തുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ടീ ആക്ടിനും കേന്ദ്ര നിയമത്തിനും വിരുദ്ധമായിട്ടാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നതെന്ന് പറയുന്നത് ശരിയല്ല. ഈ ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഒരു പ്രൊവിഷനും ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ടാറ്റായുടെ ഭൂമി വീണ്ടെടുക്കുന്ന തുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതു കൊണ്ട് സംസ്ഥാന സർക്കാരിന് ഈ നിയമനിർമ്മാണത്തിനുള്ള അധികാരമുണ്ട്. ഡീഡ് ഓഫ് റാറ്റിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം പൊതുകാര്യത്തിന് സർക്കാരിന് ഭൂമി ആവശ്യം ഉണ്ടെങ്കിൽ ഉചിതമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതാണ്. അതിന് വിരുദ്ധമായ വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭരണഘടനയുടെ 300 (എ) അനുച്ഛേദം അനുശാസിക്കുന്നതുകൊണ്ടാണ് ഈ നിയമം നിർമ്മിക്കേണ്ടതായി വന്നത്. ധനകാര്യ മെമ്മോറാണ്ടത്തെക്കുറിച്ചുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. നഷ്ടപരിഹാരം നൽകുന്നതിനായി സഞ്ചിതനിധിയിൽനിന്ന് എത്ര തുക ചെലവാകുമെന്ന് ഇപ്പോൾ കണക്കാക്കാൻ കഴിയില്ല. ഇതിൽ വരുന്നത് ഗവൺമെന്റ് ഉദ്യോഗസ്ഥരായതുകൊണ്ട് അവർക്ക് പ്രത്യേകമായ ശമ്പളമോ അലവൻസോ കൊടുക്കേണ്ടിവരുന്നതല്ല. സർക്കാർ തിരിച്ചെടുക്കുന്ന ഭൂമി സർക്കാർ തന്നെ പാട്ടത്തിന് നൽകിയ ഭൂമിയാണ്. ഈ ബിൽ ടി.പി. ആക്ടിലെ

വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ബില്ലിലെ 6-ാം വ്യവസ്ഥ പ്രകാരമാണ് സഞ്ചിത നിധിയിൽ നിന്നും ചെലവ് വരുന്നത്. അതിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെല്ലാം സർക്കാർ ഉദ്യോഗസ്ഥരാണ്. അതുകൊണ്ട് പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള ചെലവ് അധികമായി വരുന്നില്ല. മൂന്നാർ ടൗണിൽ നിലനിൽക്കുന്ന ഭൂമിയും ടൗണിനോട് ചേർന്നു കിടക്കുന്ന പ്രദേശത്തെ ഭൂമിയും അല്ലാതെ വനം ഇതിൽ വരുന്നില്ല. വനഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. അതിനാൽ ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മൂന്നാറിന്റെ വികസനം മുന്നിൽ കണ്ടുകൊണ്ടാണ് അവിടെ ഒരു ടൗൺഷിപ്പിന് രൂപം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. മൂന്നാറിലെ ഭൂമിയെല്ലാം ടാറ്റയുടെ കൈവശമാണ്. പൊതു ആവശ്യത്തിന് പോലും ഭൂമി കിട്ടാത്ത സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ മൂന്നാറിൽ അനധികൃതമായി നടക്കുന്ന കൈയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തയ്യാറായത്. മൂന്നാറിലെ ഭൂമി സംരക്ഷിച്ച് ഏറ്റെടുക്കുന്നതോടൊപ്പം അവിടത്തെ വിനോദ സഞ്ചാര സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമാണ് ഈ രൂപത്തിൽ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാര വികസനത്തിന് വേണ്ടി നടത്തിയ സാറ്റ്ലൈറ്റ് സർവ്വേ പൂർത്തിയാക്കാനുള്ള നടപടികൾ

നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നാർ ടൗൺ വീണ്ടെടുത്ത് സാധാരണക്കാർക്കും കച്ചവടക്കാർക്കും ആവശ്യമായ ജീവിത സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ ടൗൺഷിപ്പ് രൂപീകരിക്കുന്നതിന് എല്ലാ ഭാഗത്തു നിന്നുമുള്ള പിന്തുണ ഉണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ : I move that- "This House resolves to disapprove The Kannan Devan Hills (Taking over by Resumption of Certain Lands) Ordinance, 2010 (Ordinance No. 30 of 2010.) ജൂൺ 28-ാം തീയതി നിയമസഭ സമ്മേളിക്കാനിരിക്കേ ജൂൺ 12-ാം തീയതി ഓർഡിനൻസ് ഇറക്കിയത് ഭരണഘടനയുടെ ആർട്ടിക്കിൾ 231-ന്റെ ലംഘനമാണ്. മൂന്നാറിൽ സ്ഥിതി ചെയ്യുന്ന ടാറ്റാ ടീ കമ്പനിയുടെ കൈവശമുള്ള 1073 ഏക്കർ വിസ്തൃതിയുള്ള ഭാഗം വിനോദ സഞ്ചാര ആവശ്യത്തിനുവേണ്ടി വീണ്ടെടുക്കൽവഴി ഏറ്റെടുക്കുമെന്ന് പറയുന്നത് മൂന്നാറിന്റെ പാരിസ്ഥിതിക ഘടനയെ ടൂറിസം മേഖല തകർക്കുമെന്നും മൂന്നാറിനെ ഇല്ലാതാക്കുമെന്നുമുള്ള ഭരണപക്ഷത്തിന്റെ വാദങ്ങൾക്ക് വിരുദ്ധമാണ്. കാർഡമം ഹിൽ റിസർവ്വിലും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുമുള്ള ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച കേസുകൾ കോടതിയിൽ പെൻഡിംഗ് ഉള്ളപ്പോഴാണ് ടൂറിസം പരിസ്ഥിതിയെ നശിപ്പിച്ചുവെന്ന വാദം ഉയർത്തിയിരുന്ന ഈ ഗവൺമെന്റ് അഗ്രിക്കൾച്ചറൽ പർപ്പസിന് കൊടുത്ത ഭൂമി നിയമ നിർമ്മാണം വഴി ഏറ്റെടുത്ത് ടൂറിസം നടപ്പിലാക്കാൻ പോകുന്നത്. ടാറ്റാ കയ്യേറിയ 50000 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള തടസ്സമായി

പറഞ്ഞത് സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല എന്നാണ്. 1977-ലെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നമ്പരാണ് പ്രസ്തുത നിയമത്തിന്റെ ഷെഡ്യൂളിൽ 38 ബിറ്റുകളിലായി ഉൾപ്പെടുത്തിയിട്ടുള്ളത്. ടൂറിസം മേഖലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കാൻ 1977-ലെ സർവ്വേ റിപ്പോർട്ട് ഉപയോഗിക്കാൻ തയ്യാറാകുന്നവർ ടാറ്റാ കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ സാറ്റലൈറ്റ് സർവ്വേ വേണമെന്ന് പറയുന്നത് ശരിയല്ല. മൂന്നാർ ടൗണിൽ വന ഭൂമിയും ഏലമലകാടുകളും പുറമ്പോക്കും ഇല്ല എന്ന അഫിഡവിറ്റാണ് കോടതിയിൽ ഫയൽ ചെയ്യുന്നതെങ്കിൽ മൂന്നാർ ഓപ്പറേഷനിൽ ജെ.സി.ബി. ഉപയോഗിച്ച് കെട്ടിടങ്ങൾ തകർത്തതിന്റെ കോമ്പൻസേഷനുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ തോൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. മൂന്നാറിന്റെ പാരിസ്ഥിതിക ഘടനയെ സംരക്ഷിക്കുമെന്ന് പറഞ്ഞിരുന്നവർ മൂന്നാർ-മറയൂർ റോഡ്, മൂന്നാർ-ദേവികുളം റോഡ്, മൂന്നാർ-സൈലന്റ് വാലി റോഡ് എന്നീ സെൻസിറ്റീവായ സ്ഥലങ്ങൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. നീലക്കുറിഞ്ഞി മേഖലയെ റിസർവ്വ് സോണായി പ്രഖ്യാപിച്ചപ്പോൾ പാവങ്ങൾക്ക് കൊടുക്കേണ്ട ഭൂമി കൂടി റിസർവ്വ് ഏരിയയാക്കി മാറ്റി. മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിരുപാധികം വിട്ടുകൊടുക്കാമെന്ന് സമ്മതിച്ച മൂന്നാറിലെ ഭൂമിയാണ് നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചത്. 1073 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന തോടുകൂടി ടാറ്റയുടെ കയ്യിൽ വേറെ ഭൂമിയൊന്നുമില്ലെന്ന് പറഞ്ഞ് ടാറ്റായെ സഹായിക്കുന്ന സമീപനം കൂടി ഇതിനുപുറകിലുണ്ട്. 1974-ൽ ലാൻഡ് ബോർഡ് ഡിസിഷനിലൂടെ 127000 ഏക്കറിൽ 70522.12 ഏക്കർ സർക്കാരിനും 57192.62 ഏക്കർ കെ.ഡി.എച്ച്.-നുമായി ഡിവൈഡ് ചെയ്തു

കൊടുത്തു. അന്നത്തെ ഗവൺമെന്റ് 70522 ഏക്കർ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. അങ്ങനെ ഡിവൈഡ് ചെയ്ത ഈ ഭൂമി എവിടെയാണെന്ന് കണ്ടെത്തേണ്ടതുണ്ട്. മാങ്കുളത്ത് 5250 ഏക്കർ സാധാരണക്കാർക്ക് അസൈൻ ചെയ്തുകൊടുക്കുകയും 2870 ഏക്കർ ഭൂമി പബ്ലിക്കിന് കൊടുക്കുകയും ബാക്കി ഭൂമി വനഭൂമിയാക്കി മാറ്റുക യുമാണുണ്ടായത്. ഇരവികുളത്ത് 23959 ഏക്കർ വനഭൂമിയായി പ്രൊട്ടക്ട് ചെയ്യുകയും മാങ്കുളം എവർ ഗ്രീൻ ഫോറസ്റ്റ് റിസർവ്വായി സംരക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തു. മാങ്കുളത്ത് 22253 ഏക്കറും ആളുകൾക്കു കൊടുത്ത അയ്യായിരം ഏക്കറും പബ്ലിക് പർപ്പസിന് കൊടുത്ത 2870 ഏക്കറും കഴിച്ച് 70000 ഏക്കറിൽ ബാക്കിയുള്ളത് ടാറ്റാ പ്ലാന്റേഷന്റെ ഇടയിലും പുറം മതിലിലുമായി നിൽക്കുന്ന 17922 ഏക്കർ ഭൂമിയാണ്. അത് പ്രത്യേകം ജി.ഒ. ഇഷ്യു ചെയ്ത് വനം വകുപ്പിനെ ഏൽപ്പിക്കുകയും അത് മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽപെടുത്തി ജണ്ട കെട്ടി സംരക്ഷി ക്കുകയും ചെയ്തെങ്കിലും റിസർവ്വ് ഫോറസ്റ്റിന്റെ സ്റ്റാറ്റസ് കൊടുത്തിട്ടില്ല. മൂന്നാറിൽ അഡ്വഞ്ചർ ടൂറിസമെന്ന പേരിൽ ഭൂമി സ്വകാര്യ സംരംഭകരെ ഏൽപ്പിച്ചെങ്കിലും എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിയോ ബയോഡൈ വേഴ്സിറ്റി സ്റ്റഡിയോ നടത്താനോ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. ഭൂമി പിടിച്ചെടുക്കുന്നതിനായി മൂന്ന് ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും അവർ വിവേചനപരമായി കാര്യങ്ങൾ നടത്തുകയും ചെയ്തതുമൂലം സർക്കാർ എടുത്ത പല നടപടികളും കോടതി സ്റ്റേ ചെയ്തു. 1976-ൽ ദേവസ്യ കമ്മിറ്റി കൊടുത്ത റിപ്പോർട്ടിൽ 2870 ഏക്കർ ഭൂമി

പബ്ളിക്ക് പർപ്പസിനുവേണ്ടി ഉപയോഗിക്കാനും അതിൽ ടൂറിസത്തിനു വേണ്ടി 343 ഏക്കർ ഉപയോഗിക്കാനും പറഞ്ഞിരുന്നു. ഈ ഭൂമി ഭാവിയിൽ ടൂറിസം വികസനത്തിനും കെട്ടിട നിർമ്മാണങ്ങൾക്കും സർക്കാർ ഏജൻസികൾക്കുമായി മാറ്റി വച്ചു. ഭാവിയിൽ ടൂറിസം ആവശ്യങ്ങൾക്കായി ഇക്കോ ഫ്രണ്ട്‌ലി ഹോം സ്റ്റേകൾ നിർമ്മിക്കണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തത്. ആ ഭൂമി കണ്ടുപിടിച്ച് ടൂറിസം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് കഴിയണം. ഈ നിയമത്തിൽ സെക്ഷൻ 5-ന്റേയും 6-ന്റേയും ആവശ്യമില്ല. ടൂറിസം പർപ്പസ്സിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെയാണ് യു.ഡി.എഫ് എതിർക്കുന്നത്. ആധികാരികമായ ഒരു പരിശോധനയും നടത്താതെയാണ് ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. യഥാർത്ഥ പരിശോധന നടത്താതെ രാഷ്ട്രീയത്തിനും പബ്ളിസിറ്റിക്കും വേണ്ടി നിയമനിർമ്മാണം കൊണ്ടുവന്നാൽ അതിൽ ന്യൂനതകളുണ്ടാകും. ഇല്ലാത്ത അധികാരങ്ങൾ ഉപയോഗിച്ച് നിയമനിർമ്മാണം നടത്തിയാൽ അത് നിലനിൽക്കില്ല. ഈ നിയമം നടപ്പാക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ടൂറിസം പർപ്പസ്സിനുവേണ്ടിയാണ് മൂന്നാറിലെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറില്ലെന്നുള്ള ഉറപ്പ് നൽകാൻ കഴിയണം.

<u>ശ്രീ. ബി. ബാബുപ്രസാദ്</u> : ടാറ്റയുടെ കൈവശമുള്ള 50000 ഏക്കർ ഭൂമി ഒഴിപ്പിക്കുന്നില്ലെന്ന് മാത്രമല്ല കയ്യേറ്റത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന ബിൽ ആണ് സർക്കാർ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയും റവന്യൂ

വകുപ്പുമന്ത്രിയും പല പ്രഖ്യാപനങ്ങളും നടത്തി. രണ്ടുമൂന്ന് ദൗത്യസംഘ ങ്ങൾ മൂന്നാറിൽ ഓപ്പറേഷൻസ് നടത്തി. എന്നാൽ ഭൂമി ഒഴിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നിറുത്തിവച്ച് കേരള ഗവൺമെന്റിൽനിന്നും ടാറ്റ കമ്പനി പാട്ടത്തിന് വാങ്ങിയ ഭൂമിയിൽ 1073.50 ഏക്കർ സ്ഥലം മൂന്നാറിലെ വിനോദ സഞ്ചാര സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി കാശ് കൊടുത്ത് തിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. മൂന്നാറിലെ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ നടപടികൾ നടത്തിയതിൽ സർക്കാരിന് യാതൊരു ആത്മാർത്ഥതയും ഇല്ലായി രുന്നു എന്നതിന്റെ തെളിവാണ് ഈ ബിൽ. ടാറ്റ ടീ കമ്പനിക്ക് 5 കോടി രൂപ നഷ്ടപരിഹാരം നൽകുന്നതിലൂടെ ടാറ്റയുടെ അനധികൃത കയ്യേറ്റത്തെ സാധൂ കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ നടപടിയിലൂടെ ടാറ്റ ടീ കമ്പനി എന്ന വൻകിട കുത്തകയ്ക്കു മുന്നിൽ സർക്കാർ മുട്ടുകുത്തുകയാണ് ചെയ്തിരിക്കുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി <u>ശ്രീ. പി.സി. ജോർജ്</u> : 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-8-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ കൊണ്ടുവരുന്നതിനുപകരം വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിച്ച് അർഹരായ പാവപ്പെട്ടവർക്ക് ഭൂമി വിതരണം നടത്തുന്നതിനുള്ള ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് വേണ്ടത്. ഏറ്റവും വലിയ കയ്യേറ്റക്കാരനായ ലംബോധരൻ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലും പള്ളിവാസൽ വില്ലേജിലുമായി കയ്യടക്കി വച്ചിരിക്കുന്ന ഭൂമികൂടി ഏറ്റെടുത്ത് ടൂറിസം പദ്ധതി പ്രോത്സാഹിപ്പി ക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ ഭൂമി പാട്ടത്തിന് കൊടുത്തപ്പോൾ

26 ഫാക്ടറികളും 45000 തൊഴിലാളികളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 6 ഫാക്ടറികളും 10000 തൊഴിലാളികളുമായി ചുരുങ്ങിയിരിക്കുന്നു. മൂന്നാറിൽ പാവപ്പെട്ടവർക്കുവേണ്ടി കുടിവെള്ള പദ്ധതിപോലും അനുവദിക്കാൻ ടാറ്റാ തയ്യാറല്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ ഭൂമിയിൽ അവർ സ്വന്തം ബോർഡ് സ്ഥാപിച്ചിരിക്കുകയാണ്. സംസ്ഥാനത്തിനകത്ത് ടാറ്റ തന്റേതായ സാമ്രാജ്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതിനെ കേരളത്തിലെ മുഴുവൻ ജനങ്ങളും എതിർക്കുമ്പോൾ ടാറ്റയ്ക്കെതിരായി സംസ്ഥാനം നിലകൊള്ളുകയാണ് വേണ്ടത്. ഈ ഭൂമി മുഴുവൻ ഏറ്റെടുക്കാനും അതിന് നഷ്ടപരിഹാരം കൊടുക്കാനും സർക്കാർ തയ്യാറായാൽ ആ പണം ടാറ്റയുടെ കൈവശമാകും എത്തിച്ചേരുന്നത്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. 1-1-1977-നുമുമ്പ് കുടിയേറിയവർക്ക് പട്ടയം കൊടുക്കുന്ന തിനും വനഭൂമി സംരക്ഷിക്കുന്നതിനും തയ്യാറാകണം. ഈ നിയമത്തിൽ ശക്തമായ മാറ്റം വരുത്തി അനധികൃതഭൂമി പിടിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശികുമാറിനുവേണ്ടി ശ്രീ. കെ. കെ. ജയചന്ദ്രൻ: 2010ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ ഭൂമിയുടെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായ ബില്ലാണിത്. 1877-ൽ രാജഭരണകാലത്ത് ദേവികുളം താലൂക്കിലെ കണ്ണൻ ദേവൻ ഹിൽസ് കാപ്പി കൃഷി നടത്താൻ പാട്ടത്തിന് നൽകിയിരുന്നു. രാജഭരണം അവസാനിച്ചപ്പോൾ പാട്ടഭൂമിയുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായി. വന ഭൂമി, മാങ്കുളത്തെ

കൃഷി ഭൂമി, ഭൂരഹിതർക്കുള്ള ഭൂമി എന്നിങ്ങനെ 15 ഇനങ്ങളായി ലാന്റ് അസൈൻമെന്റ് ബോർഡ് വ്യക്തമായി ഭൂമി തരംതിരിച്ചിരുന്നു. ഇരവികുളം നാഷണൽ പാർക്കും മാങ്കുളം കൃഷി ഭൂമിയുമൊഴിച്ചുള്ള ഭൂമി ഫലത്തിൽ ടാറ്റ അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. ഇരവികുളം പാർക്ക് ഈ പ്രദേശത്തു നിന്നും വളരെ അകലെയാണെന്നതിനാൽ ഭൂമി ഏറ്റെടുക്കലുമായി ഒരു ബന്ധവുമില്ല. ഇരവികുളം പാർക്ക് സെൻട്രൽ ഫോറസ്റ്റ് ആക്റ്റിന്റെ പരിധിയിൽ വരുന്നതാണ് എന്ന വിധത്തിലുള്ള അനാവശ്യ വാദഗതികൾ പ്രതിപക്ഷം ഒഴിവാക്കിയില്ലെങ്കിൽ അത് ടാറ്റാ പോലുള്ള വൻകിട കമ്പനികൾക്ക് സഹായകരമായിത്തീരും. 1956ലും 1965ലുമായി ഗവൺമെന്റ് ഏറ്റെടുത്ത മൂന്നാറിലെ അഞ്ഞൂറ് ഏക്കർ ഭൂമി ടാറ്റയുടെ കൈവശമാണ്. 125 വർഷം പഴക്കമുള്ള മൂന്നാർ ടൗണിൽ പണ്ടുമുതൽ തന്നെ കച്ചവടത്തിനായി തറവാടകയ്ക്കും പാട്ടത്തിനും ടാറ്റ സ്ഥലം കൊടുത്തുവന്നിരുന്നു. 1971ൽ കെ.ഡി.എച്ച്. ആക്റ്റ് നിലവിൽ വന്ന്, 1974ൽ ലാന്റ് അസൈൻമെന്റ് ബോർഡ് വ്യക്തമായ തീരുമാനം എടുത്തതിനുശേഷവും ഇത് തുടരുകയാണ്. സ്പെഷ്യൽ പട്ടയം പ്രിന്റ് ചെയ്ത് കൊടുത്ത് ടാറ്റാ ഒരു സമാന്തര ഗവൺമെന്റായാണ് അവിടെ പ്രവർത്തിക്കുന്നത്. അത്തരത്തിൽ പട്ടയം ലഭിച്ചുവെന്നവകാശപ്പെടുന്ന കേസുകളിൽ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിൽ നിന്ന് പാട്ടത്തിന് വാങ്ങിയ ഭൂമി മറ്റുള്ളവർക്ക് വിൽപ്പന നടത്തുന്നതും ടൗണിൽ നിന്ന് കരം പിരിക്കുന്നതും തറവാടക സ്വീകരിക്കുന്നതും തെറ്റാണെന്ന് 2000-ൽ ഇതുമായി ബന്ധപ്പെട്ട ഒരു കേസിന്മേൽ ഹൈക്കോടതി വിധിച്ചപ്പോൾ ടാറ്റാ കോടതിയിൽ മാപ്പപേക്ഷ കൊടുക്കുകയും രേഖാമൂലം സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷവും ഇതേ നടപടികളാണ്

ടാറ്റാ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. 17 കെട്ടിടങ്ങൾ ടൂറിസ്റ്റ് റിസോർട്ടാക്കി മാറ്റിയതിലൂടെ 18 കോടി രൂപയുടെ അനധികൃതവരുമാനമാണ് ടാറ്റ ഉണ്ടാക്കിയിട്ടുള്ളത്. 1877-ൽ മൺറോ സായിപ്പുമായി ഉണ്ടാക്കിയ കരാറിൽത്തന്നെ പറഞ്ഞിരിക്കുന്നത് ഏറ്റെടുക്കുന്ന ഭൂമിയിൽ നിർമ്മാണപ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരം നൽകണമെന്നാണ്. പ്രസ്തുത വ്യവസ്ഥയാണ് ഇവിടെയും ബാധകമാക്കിയിരിക്കുന്നത്. നാഷണൽ ഹൈവേയുടെ വശങ്ങളിലുള്ള ഓരോ തേയിലച്ചെടിയും പറിച്ചെടുക്കുന്നതിനാവശ്യമായ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ടാറ്റയ്ക്ക് കെട്ടിടം പണിയാനും റിസോർട്ടുകൾ നിർമ്മിക്കാനും ആവശ്യമായ സഹായം നൽകിയതും അതിനുള്ള പ്രോത്സാഹനം നൽകിയതും യു. ഡി. എഫ്. ഗവൺമെന്റാണ്. നിയമസഭ പാസ്സാക്കിയ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടുന്നതിനുമുമ്പുതന്നെ നിക്ഷിപ്തതാൽപ്പര്യക്കാരെ സംരക്ഷിച്ചതിന്റെ ഭവിഷ്യത്താണ് മൂന്നാറിൽ കാണുന്നത്. 40 വർഷങ്ങൾക്കുശേഷം ഇങ്ങനെയൊരു നിയമം നിർമ്മിക്കുന്നതുവഴി മൂന്നാർ ടൗണിലെ ജനങ്ങൾ സ്വതന്ത്രരാകുകയാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് മുന്നോട്ടുനീങ്ങാൻ ഉദ്ദേശിക്കുന്നത്. ഈ ബിൽ പാസ്സാകുന്നതോടുകൂടി ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങൾക്കും മറ്റും അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനുള്ള അവകാശം ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാകും. മൂന്നാറിൽ ഒരു ടൗൺഷിപ്പ് സ്ഥാപിക്കുമെന്ന് ഈ ബില്ലിൽ പറയുന്നത് വളരെ സ്വാഗതാർഹമാണ്. അവിടെ കെട്ടിടം പണിയുന്നതും റോഡ് നിർമ്മിക്കുന്നതും പ്രത്യേക പഠനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിൽ ആയിരിക്കണമെന്ന കാര്യത്തിൽ നിർബന്ധമുണ്ട്. കേരളത്തിന് അഭിമാനകര

മായ ഒരു ബില്ലാണിത്. എല്ലാ മേഖലകളിലും സമഗ്രമായ വികസനം കൊണ്ടുവന്നുകൊണ്ട് ഇടുക്കി ജില്ലയുടെ മുഖഛായ തന്നെ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി, മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ, പച്ചക്കറി സ്റ്റാളുകളും മാവേലി സ്റ്റോറുകളും, ബസ് സ്റ്റാന്റ്, സ്പോർട്ട്സ് കോംപ്ലക്സ്, ബൊട്ടാണിക്കൽ ഗാർഡൻസ് തുടങ്ങിയവയെല്ലാം വരും. എക്കോ ടൂറിസം, ഹൈഡൽ ടൂറിസം, ഡയറി ടൂറിസം എന്നിവയെല്ലാംകൂടി കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിച്ച് മൂന്നാറിനെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കേണ്ടതാണ്.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: 1957-ലെ ഭൂപരിഷ്ക്കരണ നിയമം യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മൂന്നാർ ടൂറിസം വേണ്ടത്ര വളർച്ച പ്രാപിക്കാത്തതിന്റെ കാരണം അവിടത്തെ ഭൂമിയുടെ ലഭ്യതക്കുറവാണെന്ന് നിയമസഭാ സമിതി തന്നെ ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ബില്ലിന് വളരെയധികം പ്രസക്തിയുണ്ട്. ആ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മൂന്ന് ബില്ലുകൾ ഇവിടെ അവതരിപ്പിച്ചതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഈ ബിൽ നിയമമാകുന്നതിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് നീതി ഉറപ്പാക്കാൻ കഴിയും.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): ടൂറിസം വികസനത്തിനുവേണ്ടി സർക്കാർ ഏറ്റെടുക്കാൻ പോകുന്ന മുഴുവൻ ഭൂമിയും ഫലപ്രദമായി വിനിയോഗിക്കുന്നതാണ്. അടിസ്ഥാന സൗകര്യവികസനവും ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള സൗകര്യവും ഒരുക്കുന്നതോടൊപ്പം തന്നെ മൂന്നാറിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകാനുള്ള

നടപടിയും സ്വീകരിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളെ പങ്കാളികളാക്കി ക്കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തും. സർവ്വേ നടപടികൾ പൂർത്തിയാക്കി ഗവൺമെന്റിന്റെ ഭൂമി തിരിച്ചുപിടിക്കുന്നതിന് വേണ്ട നടപടി കൾ ശക്തമാക്കുന്നതാണ്. ലാൻഡ് ബോർഡ് അവാർഡ് പ്രകാരം വനഭൂമി നോട്ടിഫൈ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നിയമപരമായി സർക്കാർ ഭൂമി കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവർക്ക് കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. അതിനുള്ള പ്രൊവിഷനാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മൂന്നാറിൽ ടൗൺഷിപ്പ് രൂപീകരിക്കുന്നതിന് ടാറ്റയുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കേണ്ടിവരും. കുറ്റിയാർവാലി ഹൗസ് സൈറ്റിനുവേണ്ടി ഹൈക്കോടതിയുടെ അനുമതിയോടുകൂടിയാണ് ഭൂമി വിതരണം ചെയ്തിട്ടുള്ളത്. ഇവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി പരിഗണനാവേളയിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്ന താണ്.

നിരാകരണപ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ടൂറിസം പ്രദേശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള നിയമം 2005-ൽ നിയമസഭ

പാസ്സാക്കിയതാണ്. 2005-ലെ കേരള വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണവും പരിപാലനവും ആക്ടിന്റെ ചട്ടങ്ങൾക്ക് 2007 ഡിസംബ റിലാണ് അന്തിമ രൂപം നൽകി വിജ്ഞാപനം പുറപ്പെടുവിച്ചത്. ആ ആക്ട് പ്രകാരം മൂന്നാർ, കോവളം, ഫോർട്ട് കൊച്ചി, കുമരകം എന്നീ പ്രമുഖ ഡെസ്റ്റിനേഷനുകളെ പ്രത്യേക ടൂറിസം മേഖലകളായി നോട്ടിഫൈ ചെയ്തു. അതിൽ പ്രമുഖ സ്ഥാനം നേടിയ മൂന്നാർ ഏഷ്യയിലെ രണ്ടാമത്തെ ടൂറിസം ഡെസ്റ്റിനേഷനാണ്. മൂന്നാർ ടൂറിസം വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെ നടത്തി യിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആ പ്രദേശത്തിന്റെ സ്വാഭാവികതയെ മാറ്റി മറിച്ചിട്ടുണ്ട്. അതുകൊണ്ട് വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ഒരു വികസന പദ്ധതി മൂന്നാറിൽ ആവശ്യമാണ്. അതിനനുസരിച്ചുള്ള മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. സമൂഹത്തിലെ വിവിധ വിഭാഗത്തിൽ പ്പെട്ടവരെ പങ്കാളികളാക്കി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സൗഹൃദ ടൗൺഷിപ്പ് മൂന്നാറിൽ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. ടൂറിസം ഫെസിലിറ്റി മേഖല, റെസിഡൻഷ്യൽ മേഖല, കമേഴ്സ്യൽ മേഖല തുടങ്ങി വ്യത്യസ്ത രീതിയിലുള്ള ഒരു എക്കോ ടൂറിസം പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. മൂന്നാറിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെ ടുത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 2005- -ലെ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അത് അടിയന്തിരമായി ചെയ്യേണ്ടിവന്നതുകൊണ്ടാണ് ഓർഡിനൻസ് പുറപ്പെടുവിക്കാൻ സർക്കാർ നിർബന്ധിതമായത്. മൂന്നാറിൽ എത്തുന്ന സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകേണ്ട

തുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമായി മൂന്നാർ മാറണം. സംസ്ഥാനത്തെ ടൂറിസം രംഗത്ത് സ്വാഭാവികമായ വികസനം മാത്ര മാണുള്ളത്. ബേക്കൽ ടൂറിസം സെന്ററിന്റെ റിസോർട്ടുകളുടെ പ്രവർത്തനം 2010 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കി അന്താരാഷ്ട്ര നിലവാര മുള്ള ടൂറിസം കേന്ദ്രമാക്കി മാറ്റിയാൽ കേരളത്തിലെ ആദ്യത്തെ പ്ലാൻഡ് ടൂറിസം സെന്ററായി ബേക്കൽ മാറുന്ന സ്ഥിതി ഉണ്ടാകും. ആസൂത്രിതമായ ടൂറിസം കേന്ദ്രമാക്കി മൂന്നാറിനെ പടുത്തുയർത്തുന്നതിന്റെ ഭാഗമായി അവിടെ പാരിസ്ഥിതിക സൗഹാർദ്ദ ടൂറിസം കേന്ദ്രം സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇക്കോ ടൂറിസം ടൗൺ ഷിപ്പിനായി മാസ്റ്റർ പ്ലാൻ തയ്യാ റാക്കിയിട്ടുണ്ട്. മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ, കാന്തല്ലൂർ, വട്ടവട, ദേവികുളം എന്നീ വില്ലേജുകളെയാണ് ടൗൺഷിപ്പിൽ ഉൾപ്പെടുത്തുക. ഇവിടെ ടൂറിസം നടപ്പാക്കാൻ അതോറിറ്റി രൂപീകരിക്കും. അതോറിറ്റിക്ക് വിപുലമായ അധികാരങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏത് വിധത്തിലുള്ള ടൂറിസം പദ്ധതികളാണ് അവിടെ വേണ്ടത് എന്ന് ഈ അതോറിറ്റിക്ക് നിർദ്ദേശി ക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതോറിറ്റിയിൽ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. പരിസ്ഥിതിക്ക് ഇണങ്ങാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാൻ പാടില്ലെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധുനിക രീതിയിലുള്ള ടൂറിസം കേന്ദ്രത്തിന് ആവശ്യമായ സംവിധാനങ്ങൾ മൂന്നാറിൽ ഒരുക്കിയെടുക്കാൻ സാധിക്കണം. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഈ സഭാ സമ്മേളനത്തിൽത്തന്നെ ഈ ബിൽ പാസ്സാക്കിയെടുക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : I move that- "This House resolves to disapprove The Kerala Tourism (Conservation and Preservation of Areas) Amendment Ordinance, 2010 (Ordinance No. 23 of 2010). വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഈ ബിൽ അവതരിപ്പിച്ചത്. പ്രധാന ആക്ടിലെ 4-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരുന്ന ഡെവലപ്മെന്റ് കമ്മിറ്റിയാണ് ഇപ്പോൾ ഡെവലപ്മെന്റ് അതോറിറ്റിയാക്കി മാറ്റിയിരിക്കുന്നത്. ഡെവലപ്മെന്റ് കമ്മിറ്റിയായിരുന്നപ്പോൾ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ലെന്ന കാരണത്താലാണ് അതോറിറ്റി രൂപവൽക്കരിക്കാൻ തീരുമാനിച്ചതെങ്കിലും കമ്മിറ്റിയുടെ ദോഷവശങ്ങൾ എന്തായിരുന്നുവെന്നത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതുണ്ട്. കമ്മിറ്റിയുടെ ചെയർമാൻ ടൂറിസം സെക്രട്ടറിയായിരുന്നുവെങ്കിൽ അതോറിറ്റിയുടെ ചെയർമാനായി നിശ്ചയിച്ചിരിക്കുന്നത് ടൂറിസം ഡയറക്ടറെയാണ്. ടൂറിസം ഡയറക്ടർക്ക് ജോലിഭാരം കൂടുതലായതുകൊണ്ട് കൃത്യമായി പ്രവർത്തിക്കാൻ കഴിയുമെന്ന് കരുതുന്നില്ല. പ്ലാൻഡ് ടൂറിസം സെന്റേഴ്സ് തുടങ്ങുന്നതിനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. പ്രധാനപ്പെട്ട പല ടൂറിസ്റ്റ് കേന്ദ്രങ്ങളുടേയും മറവിൽ അനധികൃതമായി നടത്തുന്ന മസാജ് സെന്ററുകളും ഹട്ടുകളും നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥ കുറച്ചുകൂടി കർക്കശമാക്കേണ്ടതാവശ്യമാണ്. പ്ലാൻഡ് ടൂറിസം സെന്റേഴ്സ് മുൻകൂട്ടി പ്രഖ്യാപിക്കാനും അതുവഴി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താനും കഴിയണം. സെക്ഷൻ 6-ൽ പറയുന്ന വികസന ഫണ്ടിന്റെ കാര്യത്തിൽ സർക്കാരിന്റെ കോൺട്രിബ്യൂഷൻ

സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എടുത്തുപറഞ്ഞിട്ടില്ല. ബില്ലിന്റെ സെക്ഷൻ 6(ബി)യിൽ പറയുന്ന അതോറിറ്റി സ്വരൂപിക്കുന്ന മറ്റു തുകകൾ എന്ന ക്ലാസ്സിൽ കൂടുതൽ വ്യക്തത വേണം. ബില്ലിൽ നികുതി പിരിക്കാനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഏതെങ്കിലും ഫീസ് എന്നു പറയുന്നതിന് പകരം ഏത് കാര്യത്തിനുള്ള ഫീസ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയാൽ മാത്രമേ ചട്ടങ്ങളിൽ അത് ഉൾപ്പെടുത്താൻ സാധിക്കു കയുള്ളൂ. 7-ാം വകുപ്പിൽ പദ്ധതികളുടെ നടത്തിപ്പിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായി ഫുൾടൈം ഡയറക്ടറെ നിയമിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശത്ത് പദ്ധതിക്ക് വിരുദ്ധമായി നിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള അധികാരം അതോറിറ്റിക്ക് നൽകണം. ഇക്കാര്യത്തിന് പഞ്ചായത്ത് അധികാരികൾ അതോറിറ്റിയുടെ പ്രയർ സാങ്ഷൻ വാങ്ങിച്ചിരിക്കണം. സ്പെഷ്യൽ ഓഫീസർ ഓർഡർ ഇഷ്യുചെ യ്താൽ ഒരു മാസത്തിനുള്ളിൽ ആക്ട് ചെയ്തില്ലെങ്കിൽ അതോറിറ്റിക്ക് ആക്ട് ചെയ്യാനുള്ള അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. ഇതൊരു ടൈം ബൗണ്ട് പ്രോഗ്രാമായി നടപ്പിലാക്കാൻ കഴിയണം. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യപങ്ക് വഹിക്കുന്ന ടൂറിസം രംഗ ത്തുനിന്ന് കേരളം പുറകോട്ടുപോയിക്കൊണ്ടിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് ഗൗരവമായി ആലോചിക്കണം. ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. ടൂറിസ്റ്റുകളിൽ പകർച്ചവ്യാധികളെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ബുൾഡോസറും മറ്റും ഉപയോഗിച്ച് കെട്ടിടങ്ങൾ പൊളിക്കുന്നത് തടയാനും

ബന്ദും മറ്റ് അനാവശ്യ ഹർത്താലുകളും ഒഴിവാക്കാനും സാധിക്കണം. പ്ലാൻഡ് സെന്റേഴ്സ് കോസ്റ്റ്ലി ആക്കണം. ആഭ്യന്തര ടൂറിസ്റ്റുകൾക്കും വിദേശ ടൂറിസ്റ്റുകൾക്കും ആവശ്യമായ സൗകര്യങ്ങളുണ്ടാക്കണം. പ്ലാൻഡ് ടൂറിസം പോലുള്ള കാര്യങ്ങൾ കൊണ്ടുവരാൻ അതോറിറ്റിക്ക് സാധിക്കുന്ന വ്യവസ്ഥകൾ ബില്ലിനകത്ത് ഉൾപ്പെടുത്തണം.

ശ്രീ. അടൂർ പ്രകാശ്: വ്യക്തമായ പ്ലാനിംഗിലൂടെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയാൽ ടൂറിസം രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും അതിലൂടെ സാമ്പത്തിക സാമൂഹിക രംഗത്ത് പുരോഗതി കൈവരിക്കാനും സാധിക്കും. ഇക്കോ ടൂറിസം പദ്ധതി വനമേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് മലയോര മേഖലകളിൽ നടപ്പാക്കുന്നതിനുവേണ്ടി വനം വകുപ്പിനെ ഏൽപ്പിക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ടൂറിസം വകുപ്പും വനം വകുപ്പുമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാകേണ്ടതുണ്ട്. 2005-ലെ ബില്ലിലെ 4-ാം വകുപ്പിനുള്ള ഒരു ഭേദഗതിയിലൂടെ ഒരു അതോറിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി കൊണ്ടുപോകാൻ വേണ്ടുന്ന നിർദ്ദേശങ്ങളാണുള്ളത്. അതോറിറ്റിയുടെ പൂർണ്ണമായ നിയന്ത്രണവും പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിക്കുന്നത് ഗുണകരമാണോ എന്നതു സംബന്ധിച്ച് പരിശോധിക്കണം. പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ചുമതല അതോറിറ്റിയിൽ തന്നെ നിക്ഷിപ്തമാക്കണം. ടൂറിസം ഡയറക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിക്ക് സംസ്ഥാനത്തെ മുഴുവൻ മേഖലകളുടേയും ചുമതല ഏൽപ്പിച്ചാൽ പ്രായോഗികമല്ല. ജില്ലകൾതോറും അതിനുള്ള സംവിധാനം ഉണ്ടാക്കണം. ടൂറിസം മേഖലയിൽ അനാവശ്യമായ ഹർത്താലുകളും ബന്ദും ഒഴിവാക്കണം. മാലിന്യസംസ്ക്കരണത്തിന് പ്രത്യേക നിബന്ധന കൊണ്ടുവരണം. 6-ാം

വകുപ്പിൽ പറഞ്ഞിരിക്കുന്ന ഫണ്ട് കണ്ടെത്തുന്നതിനുള്ള മാർഗ്ഗം ബില്ലിൽ വ്യക്തമാക്കണം. 7-ൽ പറഞ്ഞിരിക്കുന്നത് പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശത്ത് പദ്ധതിക്ക് വിരുദ്ധമായി നിൽക്കുന്ന കെട്ടിടങ്ങളോ മറ്റ് ചമയങ്ങളോ ഒരു നിശ്ചിത സമയത്തിനുള്ളിൽ പൊളിച്ചു മാറ്റിക്കുന്നതിനോ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനോ ബന്ധപ്പെട്ട തദ്ദേശ അധികാര സ്ഥാപനങ്ങൾ സ്പെഷ്യൽ ആഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണെന്നാണ്. സ്പെഷ്യൽ ആഫീസർക്ക് നിർദ്ദേശം നൽകുന്നതിനേക്കാൾ ഈ അതോറിറ്റിക്കുതന്നെ അത് പൊളിച്ചുമാറ്റിക്കുന്നതിനുവേണ്ടിയുള്ള അധികാരം വിട്ടുകൊടുക്കുന്നതായിരിക്കും ഉചിതം.

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u> : 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 18-8-2010-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പാരിസ്ഥിതികമായ പ്രാധാന്യവും കണക്കിലെടുത്തുവേണം മൂന്നാറിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. മൂന്നാറിന് അനുയോജ്യമായ വിധത്തിലുള്ള ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കണം സന്ദർശകരെ ആകർഷിക്കുന്നതിന് റോഡുകൾ വികസിപ്പിക്കുകയും എയർസ്ട്രിപ്സുകൾ നിർമ്മിക്കുകയും മറ്റ് സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യണം. ടൂറിസം വികസനത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കണം.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : 2010 -ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളെക്കുറിച്ച് സർവ്വേ നടത്തി സമഗ്രമായ ടൂറിസം മാപ്പ് തയ്യാറാക്കണം. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവംകാരണം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ പോലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഡി.ടി.പി.സി-കൾ ചില ഉദ്യോഗസ്ഥൻമാരുടെ ലാവണം മാത്രമായി മാറിയിരിക്കുകയാണ്. ഭാവനാപരമായ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കണം. ടൂറിസ്റ്റുകളെ സഹായിക്കാൻ ഗൈഡുകളും ഗൈഡുകൾക്ക് പരിശീലനം കൊടുക്കാനുള്ള സംവിധാനവും ഏർപ്പെടുത്തണം. നിയോജകമണ്ഡലാടി സ്ഥാനത്തിലെങ്കിലും ടൂറിസം പദ്ധതികൾ നിലനിർത്തുന്നതിനുള്ള കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കണം. വിനോദസഞ്ചാര വികസന അതോറിറ്റി യിൽ തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയേയും വിനോദസഞ്ചാര വകുപ്പുസെക്രട്ടറിയേയും ഉൾപ്പെടുത്തണം. കേരളത്തിലെ ടൂറിസം വികസനത്തിനും സമഗ്രമായ മുന്നേറ്റത്തിനും അനുയോജ്യമായ പദ്ധതികളാണ് വേണ്ടത്. ലക്ഷക്കണക്കിന് രൂപ ചെലവാക്കി വികസിപ്പിച്ചെ ടുത്ത ഓരോ ടൂറിസം കേന്ദ്രത്തിന്റേയും നടത്തിപ്പിനെ സംബന്ധിച്ച് പരിശോധന നടത്തണം. ഡി.റ്റി.പി.സി.യിൽ ഉൾപ്പെടെ പ്രൊഫഷണലുകളെ നിയമിക്കുന്നതിനും അനന്ത സാധ്യതകളുള്ള ടൂറിസം മേഖലയെ ശക്തിപ്പെടു ത്തുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ടുറിസ്റ്റുകളുടെ വരവിൽ കേരളം പിന്നോട്ടു പോയി എന്നുള്ള പ്രചരണം വസ്തുതാപരമായി ശരിയല്ല. ആന്ധ്ര, യു.പി.,

തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ കൂട്ടത്തിൽ തീർത്ഥാടകരേയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിൽക്കുന്നത്. കേരളം തീർത്ഥാടകരെ ടൂറിസ്റ്റുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നില്ല. ഇതാണ് ആഭ്യന്തര ടൂറിസ്റ്റുകളുടെ കാര്യത്തിൽ കേരളവും മറ്റ് സംസ്ഥനങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 2005 മുതൽ കേരളം 14-ാം സ്ഥാനത്താണ്. വിദേശ സഞ്ചാരികളുടെ വരവിൽ 2006-ലും 2007-ലും കേരളം 9-ാം സ്ഥാനത്ത് ആയിരുന്നു. 2008-ൽ സ്ഥിതി അല്പംകൂടി മെച്ചപ്പെട്ട് 8-ാം സ്ഥാനത്ത് എത്തുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ കാര്യത്തിൽ കേരളം പഴയ സ്ഥിതിയിലാണ് നിൽക്കുന്നത്. ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. ആഗോള സാമ്പത്തിക നയത്തിന്റേയും മുംബൈയിൽ ഉണ്ടായ ഭീകരാക്രമണത്തേയും തുടർന്ന് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആകർഷകമായതിനെത്തുടർന്ന് ആഭ്യന്തര ടൂറിസത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളർച്ച ഉണ്ടായിട്ടുണ്ട്. ഹെറിട്ടേജ് ടൂറിസത്തിന് വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. മുസിരിസ് പൈതൃക പദ്ധതി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുകയാണ്. ഇതിനായി 51 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. 1000 കോടി രൂപയുടെ മുസിരിസ് പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിന് തീരുമാനമെ

ടുത്തിട്ടുണ്ട്. ടൂറിസം വികസനത്തിന്റെ ഭാഗമായി കോവളത്ത് പുതിയ പദ്ധതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുകയാണ്. ഭാവിയിൽ വികസന സാധ്യതയുള്ള ടൂറിസം കേന്ദ്രങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ടൂറിസം സെന്ററുകളായി വികസിപ്പിക്കുന്നതാണ്. മൂന്നാറിനെ ഇന്നത്തെ നിലയിൽ നിലനിറുത്തി ക്കൊണ്ട് വികസിപ്പിച്ചെടുക്കാൻ സാധിക്കുകയില്ല. മൂന്നാറിലെ ഗ്രീൻ സോൺ ആകർഷകമായ പദ്ധതിയാണ്. മൂന്നാറിൽ ബയോ ഡൈവേഴ്സിറ്റി പാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ, അഗ്രി ഹോർട്ടികൾച്ചർ, മിനി ഗോൾഫ് കോഴ്സ്, സ്പോർട്ട്സ് കോംപ്ളക്സ്, റൂറൽ ഹട്ട്, മ്യൂസിയം, എയർ സ്ട്രിപ്, നോൺ കൺവെൻഷണൽ എനർജി പാർക്ക് എന്നിവ കൊണ്ടുവരാൻ നിർദ്ദേശിച്ചി ട്ടുണ്ട്. ഇന്റർനാഷണൽ ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ ആയി മൂന്നാറിനെ വികസിപ്പിച്ചെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കോ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നിരവധി സ്ഥലങ്ങൾ ഉണ്ട്. ടൂറിസം വകുപ്പ് ഏറ്റെടുക്കാതെതന്നെ വനം വകുപ്പിന്റെ സ്ഥലം അതേപടി നിലനിറുത്തി ക്കൊണ്ട് ഇക്കോ ടൂറിസം പദ്ധതി വികസിപ്പിച്ചെടുക്കാൻ കഴിയും. പിൽഗ്രിം ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കുറഞ്ഞ ചെലവിൽ ടൂറിസ്റ്റുകൾക്ക് വന്നുപോകുന്നതി നുള്ള അവസരവും ഇവിടെ ഉണ്ട്. വിദേശ ടൂറിസവുമായി ബന്ധപ്പെട്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ടൂറിസ്റ്റുകളോട് മാന്യമായും അന്തസ്സായും പെരുമാറുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കാനും നടപടി സ്വീകരിക്കുന്നതാണ്. ഡി..റ്റി.പി.സി. കൾ നല്ല നിലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ജില്ലാ കേന്ദ്രങ്ങളിലുള്ള ടൂറിസം

പദ്ധതികൾ ഡി.റ്റി.പി.സി. യുടെ നിയന്ത്രണത്തിലാണ് വരുന്നത്. ബില്ലിന്റെ വകുപ്പുകളിൽ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാവേളയിൽ ആലോചിക്കാവുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 6.35 -ന് പിരിഞ്ഞു.

.........................